തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

മേയ് 2026 പുസ്തകം 2 ലക്കം 5



## ഒരുമിച്ചു മുന്നേറാം ഒന്നാമതായി തുടരാം




PWD

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

മേയ് 2026 പുസ്തകം 2 ലക്കം 5

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**കെ എം ഷാജി**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എൻ ദേവിദാസ്** ഐ.എ.എസ്
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

# ഒരുമിച്ച് മുന്നേറാം ഒന്നാമതായി തുടരാം !

രാജ്യത്തെ പഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2018 മുതൽ രാജ്യമാകെ നടപ്പിലാക്കിയ ദേശീയ ജനകീയാസൂത്രണ കാമ്പയിനിന് പ്രചോദനവും മാതൃകയുമായത് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവങ്ങളാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണം ദേശീയ നയ രൂപീകരണത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ആഴവും വ്യാപ്തിയും അടിവരയിട്ട് ഉറപ്പിക്കുന്നതാണ് കേന്ദ്ര സർക്കാർ അടുത്തിടെ പുറത്തിറക്കിയ 2026-27 ലേക്കുള്ള ദേശീയ ജനകീയാസൂത്രണ മാർഗരേഖ.

ജനകീയ പങ്കാളിത്തം, പ്രാദേശിക ആവശ്യങ്ങളുടെ കൃത്യമായ തിരിച്ചറിയൽ, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം എന്നിവയാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ കരുത്തിന് അടിസ്ഥാനം. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഇടപെടലിലൂടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം, ദാരിദ്ര്യ നിർമാർജ്ജനം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണത്തെ ദേശീയ ശ്രദ്ധയിൽ എത്തിച്ചത്.

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പുറത്തിറക്കിയ പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് റിപ്പോർട്ട് ഈ രംഗങ്ങളിലെ കേരളത്തിന്റെ മികവ് ഉയർത്തിക്കാട്ടുന്നു. വികസനം എന്നത് കേവലം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഒതുങ്ങുന്നതല്ലെന്നും അത് ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും സാമൂഹിക പുരോഗതിയിലേക്ക് നയിക്കുന്നതും ആകണമെന്നും കേരളത്തിന്റെ അനുഭവം രാജ്യത്തെ പഠിപ്പിച്ചു.

എന്നാൽ കഴിഞ്ഞ കാലത്തെ നേട്ടങ്ങളിൽ അഭിരമിക്കാൻ കഴിയാത്ത വിധത്തിൽ പുതിയ വെല്ലുവിളികൾ ഉയർന്നുവന്നിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, അതിവേഗ നഗരവൽക്കരണം, മാലിന്യങ്ങളുടെ ആധിക്യം, ജനസംഖ്യയിലെ വർധിച്ചു വരുന്ന വയോജന അനുപാതം എന്നിവയുടെ ഭാഗമായ വെല്ലുവിളികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുന്നിലുണ്ട്. ഇവയെ ഫലപ്രദമായി നേരിടുന്നതിന് കൂടുതൽ കാര്യക്ഷമതയും സാങ്കേതിക മികവും ജനപങ്കാളിത്തവും ഉറപ്പാക്കേണ്ടതുണ്ട്.

കേരളത്തിന്റെ പൊതുവായ വികസന പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് അനിഷേധ്യമാണ്. അതുകൊണ്ടുതന്നെ ലക്ഷ്യബോധത്തോടെയും ഉത്തരവാദിത്തത്തോടെയും നവീന ആശയങ്ങൾ ഉൾക്കൊണ്ടുമുള്ള പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സർക്കാരുകൾ മുന്നേറേണ്ടതുണ്ട്. വികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്കുള്ള കേരളത്തിന്റെ യാത്രയിൽ കൂടുതൽ ശക്തവും കാര്യക്ഷമവുമായ ജനാധിപത്യ ഭരണവേദികളായി മാറാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയട്ടെ എന്ന പ്രത്യാശയോടെ ഈ ലക്കം വായനക്കാർക്ക് സമർപ്പിക്കുന്നു.

എഡിറ്റർ



# ഉള്ളടക്കം




06
ഗാന്ധിജി കണ്ട സ്വപ്നത്തിലേക്ക്
**അഭിമുഖം:**
**കെ.എം.ഷാജി,** ബഹു. തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി/
**ഷിജു ഏലിയാസ്**

12
ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരം
വിബി-ജി റാം ജി
**ജി. കൃഷ്ണകുമാർ**

18
പുതിയ മന്ത്രിസഭ ചുമതലയേറ്റു

22
ദേശീയ കുടുംബാരോഗ്യ സർവേ
**NFHS-6** റിപ്പോർട്ട് പറയുന്നത്

27
പഞ്ചായത്ത് വികസന സൂചിക
**PAI** 2.0 റിപ്പോർട്ട് പറയുന്നത് എന്ത് ?

30
ദേശീയ ജനകീയാസൂത്രണ ക്യാമ്പയിനിന്
പുതിയ മാർഗരേഖ

34
ഹരിതകർമ്മസേനയുടെ
വരുമാനവർധനയ്ക്കായി
പരിഷ്ക്കരിച്ച ബിസിനസ് വികസന പദ്ധതി

36
ഹരിതകർമ്മസേന
നേട്ടങ്ങളും വെല്ലുവിളികളും

**കെ.എം.ഷാജി** ബഹു. തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി/
ഷിജു ഏലിയാസ്

# ഗാന്ധിജി കണ്ട സ്വപ്നത്തിലേക്ക്



'ഒരു പഞ്ചായത്തിന്റേയോ നഗരസഭയുടെയോ യഥാർത്ഥ പ്രശ്നങ്ങൾ ഏറ്റവും നന്നായി അറിയുന്നത് അവിടുത്തെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമാണ്. എന്നാൽ പലപ്പോഴും സാങ്കേതികവും നിയമപരവുമായ നിയന്ത്രണങ്ങൾ കാരണം അവർക്കു വേണ്ടത്ര സ്വാതന്ത്ര്യത്തോടെ തീരുമാനമെടുക്കാൻ കഴിയുന്നില്ല. കേന്ദ്ര–സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുമ്പോഴും അതിനുവേണ്ടി ഗ്രാമസഭകളുടെയും പഞ്ചായ ത്തുകളുടെയും അധികാരങ്ങൾ ഇല്ലാതാക്കരുത്. ഓരോ തദ്ദേശസ്ഥാപനത്തിനും തങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ തങ്ങൾക്കുള്ള അധികാരം പൂർണ്ണമായി വിനിയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടാവണം. അധികാരം കൈമാറുമ്പോൾ അതിനൊപ്പം അദൃശ്യമായ നിയന്ത്രണങ്ങളും നിലനിർത്തുന്ന സാഹചര്യം മാറണം'

ബഹു. തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി കെ.എം.ഷാജി ഷിജു ഏലിയാസിന് നൽകിയ അഭിമുഖം

**കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയ രാജ്യത്തിന് മാതൃകയായി പൊതുവിൽ വിലയിരുത്തപ്പെടാറുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ നാളിതുവരെയുള്ള അനുഭവങ്ങളെ താങ്കൾ എങ്ങനെയാണ് കാണുന്നത്? ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ എത്രത്തോളം സാക്ഷാത്കരിക്കപ്പെട്ടിട്ടുണ്ട്? എന്തൊക്കെയാണ് പ്രധാന പരിമിതികൾ?**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി, പഞ്ചായത്ത് പ്രസിഡന്റെന്ന നിലയിലടക്കം, ദീർഘകാലം ബന്ധപ്പെട്ടു പ്രവർത്തിച്ച അനുഭവം എനിക്കുണ്ട്. അതുകൊണ്ടുതന്നെ അധികാര വികേന്ദ്രീകരണം എന്ന ആശയത്തോട് എനിക്ക് വലിയ താൽപര്യവും പ്രതിബദ്ധതയുമുണ്ട്. ഓരോ ഗ്രാമവും സ്വന്തം വികസനം സ്വയം ആസൂത്രണം ചെയ്യുക എന്നത് ഗാന്ധിജി മുന്നോട്ടുവെച്ച മനോഹരമായ ഒരു സ്വപ്നമാണ്. ഈ ആശയത്തെ എല്ലാവരും തത്വത്തിൽ അംഗീകരിക്കും. പക്ഷേ പ്രായോഗികതലത്തിലേക്ക് വരുമ്പോൾ അധികാരം താഴെത്തട്ടിലേക്ക് വിട്ടുകൊടുക്കാൻ പലപ്പോഴും മടി കാണാറുണ്ട്. കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, കുട്ടിയുടെ കൈയിൽ നിന്ന് കളിപ്പാട്ടം തിരിച്ചു വാങ്ങുന്നതുപോലെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ച അധികാരങ്ങളും സ്വാതന്ത്ര്യവും തിരിച്ചെടുക്കുന്നതാണ് നമ്മൾ കാണുന്നത്. ഇത് മാറും.

ഒരു പഞ്ചായത്തിന്റേയോ നഗരസഭയുടെയോ യഥാർത്ഥ പ്രശ്നങ്ങൾ ഏറ്റവും നന്നായി അറിയുന്നത് അവിടുത്തെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമാണ്. എന്നാൽ പലപ്പോഴും സാങ്കേതികവും നിയമപരവുമായ നിയന്ത്രണങ്ങൾ കാരണം അവർക്കു വേണ്ടത്ര സ്വാതന്ത്ര്യത്തോടെ തീരുമാനമെടുക്കാൻ കഴിയുന്നില്ല. കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുമ്പോഴും അതിനുവേണ്ടി ഗ്രാമസഭകളുടെയും പഞ്ചായത്തുകളുടെയും അധികാരങ്ങൾ ഇല്ലാതാക്കരുത്. ഓരോ തദ്ദേശസ്ഥാപനത്തിനും തങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ തങ്ങൾക്കുള്ള അധികാരം പൂർണ്ണമായി വിനിയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടാവണം. അധികാരം കൈമാറുമ്പോൾ അതിനൊപ്പം അദൃശ്യമായ നിയന്ത്രണങ്ങളും നിലനിർത്തുന്ന സാഹചര്യം മാറണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ വിശ്വാസത്തോടെ കാണുകയും അവയ്ക്ക് കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം നൽകുകയും ചെയ്യണം. അതാണ് ഈ സർക്കാരിന്റെ സമീപനം.

**കേരളത്തിന്റെ പൊതുവായ വികസനപ്രക്രിയയിൽ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും വഹിക്കേണ്ട പങ്കിനെക്കുറിച്ചുള്ള അങ്ങയുടെ ദീർഘകാല കാഴ്ചപ്പാട് എന്താണ്?**

തദ്ദേശസ്വയംഭരണം ഒരു സാധാരണ വകുപ്പല്ല. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹിക സുരക്ഷ, തുടങ്ങി ജനജീവിതവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക മേഖലകളുടെയും പ്രവർത്തനങ്ങൾ ഒന്നിച്ചുചേരുന്ന ഒരു വലിയ കുടയാണ് തദ്ദേശ സ്വയംഭരണ സംവിധാനം. ഇന്നത്തെ സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ നേരിടൽ, ദുരന്ത നിവാരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ താഴെത്തട്ടിൽ ഏകോപിപ്പിക്കുകയും ജനങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നത് പഞ്ചായത്തുകളും നഗരസഭകളുമാണ്. സംസ്ഥാനത്തിന്റെ വികസനലക്ഷ്യങ്ങൾ യാഥാർഥ്യമാകണമെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്. പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളെ ഈ അർഥത്തിൽ പുനർ നിർവചിക്കേണ്ടതുണ്ട്. വികസനത്തിന്റെ പ്രധാന ശിൽപികളായി അവയെ മാറ്റാൻ കഴിയണം.

**ഗ്രാമസഭകളും വാർഡ് സഭകളും പലപ്പോഴും ഔപചാരിക സംവിധാനങ്ങളായി മാറുന്നുവെന്ന വിമർശനമുണ്ട്. ജനപങ്കാളിത്തം കൂടുതൽ അർത്ഥവത്താക്കാൻ എന്തൊക്കെ ഇടപെടലുകൾ നടത്താൻ കഴിയും?**

ഗ്രാമസഭയെ ഒരു അധികാരത്തിന്റെ വേദിയായിട്ടല്ല, ജനങ്ങൾക്ക് പരസ്പരം ആശയവിനിമയം ന

സംസ്ഥാനത്തിന്റെ വികസനലക്ഷ്യങ്ങൾ യാഥാർഥ്യമാകണമെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്. പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളെ ഈ അർഥത്തിൽ പുനർ നിർവചിക്കേണ്ടതുണ്ട്. വികസനത്തിന്റെ പ്രധാന ശിൽപികളായി അവയെ മാറ്റാൻ കഴിയണം.



ടത്താനും കൂട്ടായി തീരുമാനങ്ങൾ എടുക്കാനുമുള്ള ജനാധിപത്യ വേദിയായിട്ടാണ് നമ്മൾ കാണേണ്ടത്. എന്നാൽ ഇന്ന് ഗ്രാമസഭകളിലെയും വാർഡ് സഭകളിലെയും ജനപങ്കാളിത്തം കുറയുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. ജനങ്ങൾ പറയുന്ന കാര്യങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന തോന്നലാണ് പലരെയും ഗ്രാമസഭകളിൽ നിന്ന് അകറ്റുന്നത്. ഗ്രാമസഭയിൽ ഉയരുന്ന അഭിപ്രായങ്ങൾ തീരുമാനങ്ങളിൽ പ്രതിഫലിക്കുന്നുണ്ടെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടണം. അവരുടെ ശബ്ദത്തിന് വിലയുണ്ടെന്ന് അവർക്ക് അനുഭവപ്പെടണം. അതോടൊപ്പം സാങ്കേതികവിദ്യയുടെ സാധ്യതകളും കൂടുതൽ ഉപയോഗപ്പെടുത്തണം. ലോകത്തിന്റെ ഏത് ഭാഗത്തിരുന്നും ഒരു വ്യക്തിക്ക് തന്റെ ഗ്രാമസഭയിലെ ചർച്ചകളിൽ ഓൺലൈനായി പങ്കെടുക്കാനും അഭിപ്രായങ്ങൾ രേഖപ്പെടുത്താനും കഴിയുന്ന ഒരു സംവിധാനം ആലോചിക്കുന്നുണ്ട്. ജനപങ്കാളിത്തം വർധിപ്പിക്കാൻ സാധ്യമായ എല്ലാ മാർഗങ്ങളും സർക്കാർ പരിശോധിക്കും.

**തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത എപ്പോഴും ഒരു വെല്ലുവിളിയാണല്ലോ. സാമ്പത്തികമായി പ്രയാസപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ സർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?**

പഞ്ചായത്തുകളും നഗരസഭകളും സ്വന്തം തനത് വരുമാനം വർധിപ്പിക്കാൻ പരമാവധി ശ്രമിച്ചതുകൊണ്ടു മാത്രമായില്ല. അതോടൊപ്പം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തദ്ദേശസ്ഥാപനങ്ങളെ സഹായിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുമുണ്ട്. പല തദ്ദേശസ്ഥാപനങ്ങളും വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അവയെ എങ്ങനെ കൂടുതൽ ഫലപ്രദമായി പിന്തുണയ്ക്കാം എന്നതിനെക്കുറിച്ച് ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തുന്നുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതുൾപ്പെടെയുള്ള വിവിധ സാധ്യതകൾ സർക്കാർ പരിഗണിക്കുന്നുണ്ട്. ആവശ്യമായ ഇടപെടലുകൾ നടത്തി അവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്.

**കേന്ദ്രസർക്കാർ ഫണ്ടുകളിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാന സർക്കാർ സ്കീമുകളിലുമുള്ള വർധിച്ചുവരുന്ന ആശ്രിതത്വം തദ്ദേശഭരണത്തിന്റെ സ്വാതന്ത്ര്യത്തെ**

**ബാധിക്കുന്നുണ്ടോ? ഈ സാഹചര്യത്തെ അങ്ങ് എങ്ങനെ കാണുന്നു?**

കേന്ദ്രസർക്കാർ പദ്ധതികളും സംസ്ഥാന സർക്കാർ പദ്ധതികളും നമ്മുടെ വികസനപ്രക്രിയയുടെ പ്രധാന ഭാഗമാണ്. അവ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി വേർപെടുത്താൻ കഴിയാത്ത വിധത്തിൽ ബന്ധപ്പെട്ടതാണ്. ഇവിടെ ഉയരുന്ന പ്രധാന ചോദ്യം, ഒരു പഞ്ചായത്തിന്റെയോ നഗരസഭയുടെയോ തനത് പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ അവയ്ക്ക് വേണ്ടത്ര സ്വാതന്ത്ര്യവും സാവകാശവും ലഭിക്കുന്നുണ്ടോ എന്നതാണ്. കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി അവിടുത്തെ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയണം. അതിനുള്ള ശേഷിയും അധികാരവും കൂടുതൽ ശക്തിപ്പെടുത്തുന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക.

**സമ്പൂർണ പാർപ്പിട പദ്ധതികൾ പലത് വന്നല്ലോ. ഇപ്പോഴും ഭവനരഹിതരുടെ വലിയൊരു ലിസ്റ്റാണ് നമുക്ക് മുന്നിലുള്ളത്. ഈ വിഷയത്തെ അങ്ങ് എങ്ങനെയാണ് സമീപിക്കുന്നത്?**

പാർപ്പിട പ്രശ്നം ഏതെങ്കിലും ഒരു പ്രത്യേക ഘട്ടത്തിൽ ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയുന്ന ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിന്റെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടാണ് ഭവനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. അതിവേഗ നഗരവൽക്കരണം പാർപ്പിടരംഗത്ത് പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം പരിസ്ഥിതിപരമായ ഘടകങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് സ്ഥലലഭ്യതയാണ്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ കുടുംബങ്ങൾക്ക് മികച്ച ജീവിതസൗകര്യങ്ങൾ ഉറപ്പാക്കാൻ കഴിയുന്ന ഭവന മാതൃകകളെക്കുറിച്ച് കൂടുതൽ ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഫ്ളാറ്റ് സമുച്ചയങ്ങൾ ഉൾപ്പെടെ വിവിധ സാധ്യതകൾ പരിശോധിക്കണം. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള ഒരു പുതിയ സമീപനം ഇക്കാര്യത്തിൽ ആവശ്യമാണ്. അതിനു വേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാവും.

**കാലാവസ്ഥാ വ്യതിയാനം, അതിന്റെ കൂടി ഫലമായ ദുരന്തസാധ്യതകൾ തുടങ്ങിയവ നേരിടുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ ശക്തിപ്പെടുത്തേണ്ടതല്ലേ?**

തീർച്ചയായും. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ നടക്കുന്നുണ്ടെങ്കിലും അതിൽ ഏറ്റവും നിർണായകമായ പങ്ക് വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ആദ്യം തിരിച്ചറിയപ്പെടുന്നതും പ്രാദേശിക തലത്തിലാണ്. ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഈ രംഗത്ത് മികവു പുലർത്തുന്ന വിദേശരാജ്യങ്ങൾ ദുരന്തനിവാരണത്തിലും കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങളിലും സ്വീകരിച്ചിട്ടുള്ള പഠന-ഗവേഷണ മാതൃകകളിൽ നിന്ന് നമുക്കും പഠിക്കാനുണ്ട്. ജപ്പാൻ മാതൃകയിലുള്ള റിസർച്ച് സെന്ററുകൾ അതിൽ ഒന്നാണ്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി അതിനനുസരിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തണം. അതോടൊപ്പം കാലാവസ്ഥാ വ്യതിയാനം ഒരു യാഥാർഥ്യവും ഗൗരവമുള്ള വെല്ലുവിളിയുമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. കൃത്യമായ വിവരങ്ങളുടെയും ശാസ്ത്രീയ ധാരണകളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക തലത്തിൽ കാലാവസ്ഥാ പ്രതിരോധ പദ്ധതികൾ രൂപപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കും.

> **പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളും സാങ്കേതിക മാറ്റങ്ങളും ഭരണരീതികളും മനസ്സിലാക്കി പരിശീലന പരിപാടികൾ പുനഃക്രമീകരിക്കണം. ഉള്ളടക്കത്തിലും രീതിശാസ്ത്രത്തിലും കൂടുതൽ ആധുനികവും പ്രായോഗികവുമായ സമീപനമാണ് വേണ്ടത്. അതിനാവശ്യമായ മാറ്റങ്ങൾ കൊണ്ടുവരും.**

**മാലിന്യസംസ്കരണ രംഗത്ത് കേരളം ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടല്ലോ. 'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള അടുത്ത ചുവടുകൾ എന്തൊക്കെയാണ്?**

മാലിന്യപരിപാലന രംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളെ അംഗീകരിക്കുന്നതോടൊപ്പം യഥാർത്ഥ സ്ഥിതി അംഗീകരിക്കാനും നമ്മൾ തയ്യാറാകണം. ഊതിപ്പെരുപ്പിച്ച കണക്കുകളുടെയും അമിത അവകാശവാദങ്ങളുടെയും

അടിസ്ഥാനത്തിൽ ഭാവി പദ്ധതികൾ രൂപപ്പെടുത്താനാവില്ല. നിലവിലുള്ള സാഹചര്യം ശാസ്ത്രീയമായി വിലയിരുത്തുകയും ശക്തികളും ദൗർബല്യങ്ങളും കൃത്യമായി തിരിച്ചറിയുകയും വേണം.

യഥാർത്ഥ വസ്തുതകളും സ്ഥിതി വിവരങ്ങളും അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങളിലൂടെയാണ് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ ഫലപ്രദമായി മുന്നേറാൻ കഴിയുക. ഏതെല്ലാം മേഖലകളിലാണ് ഇപ്പോഴും പരിമിതികൾ നിലനിൽക്കുന്നത് എന്ന് മനസ്സിലാക്കി അവ പരിഹരിക്കാനുള്ള ഇടപെടലുകൾ ഉണ്ടാവും.

**ഹരിതകർമസേന കേരളത്തിന്റെ തദ്ദേശഭരണ ചരിത്രത്തിലെ ഒരു പ്രധാന ഇടപെടലാണല്ലോ. ഈ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താൻ എന്താണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്?**

ഹരിതകർമസേന ഇന്ന് കേരളത്തിലെ മാലിന്യപരിപാലന സംവിധാനത്തിന്റെ നട്ടെല്ലാണ്. അവർ നൽകിവരുന്ന സേവനം വിലമതിക്കാനാവാത്തതാണ്. ഇത്രയും രൂക്ഷമായ മാലിന്യപ്രശ്നം നേരിടുന്ന കേരളത്തിൽ ഹരിതകർമസേന ഇല്ലായിരുന്നെങ്കിൽ സ്ഥിതി എത്രത്തോളം സങ്കീർണമാകുമായിരുന്നു എന്ന് നമുക്ക് ആലോചിക്കാവുന്നതാണ്. വീടുകളിലും സ്ഥാപനങ്ങളിലുമെത്തി അവർ നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിന് വലിയ സംഭാവനയാണ്. ഹരിതകർമസേനയുടെ സ്തുത്യർഹമായ സേവനത്തിന്റെ പേരിൽ ഞാൻ അവരെ 'സല്യൂട്ട്' ചെയ്യുകയാണ്. അവരുടെ സുരക്ഷയും ക്ഷേമവും സർക്കാർ പ്രത്യേക പരിഗണനയോടെ കാണും. എല്ലാ ഹരിതകർമസേന അംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അവരെ കൂടുതൽ ശക്തിപ്പെടുത്താനും സുരക്ഷിതമായ തൊഴിൽസാഹചര്യങ്ങൾ ഒരുക്കാനും സാധ്യമായ എല്ലാ ഇടപെടലുകളും നടത്തും.

**തദ്ദേശസ്വയംഭരണം വലിയൊരളവുവരെ ഡിജിറ്റൽ ആയിക്കഴിഞ്ഞല്ലോ. എന്നാൽ ഈ സംവിധാനങ്ങൾ കുറച്ചുകൂടി ലളിതവും ജനസൗഹാർദപരവും ആക്കാൻ കഴിയില്ലേ? തദ്ദേശഭരണ മേഖലയിലെ ഭരണപരിഷ്കാരങ്ങൾക്ക് മുൻഗണനകൾ എന്തൊക്കെയാണ്?**

ഇത് ഡിജിറ്റൽ ഗവണൻസിന്റെ കാലഘട്ടമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി തദ്ദേശഭരണ രംഗത്ത് ഡിജിറ്റൽ സേവനങ്ങൾ വ്യാപകമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഗുണഫലങ്ങളും ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. അതേസമയം സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോഴും നിരവധി പരാതികൾ ഉയരുന്നുണ്ട്. സാങ്കേതിക സംവിധാനങ്ങൾ കൂടുതൽ ലളിതവും കാര്യക്ഷമവും ജനസൗഹാർദപരവുമാകേണ്ടതുണ്ട്. ജനങ്ങൾക്ക് സേവനം ലഭിക്കുന്ന പ്രക്രിയ എത്ര എളുപ്പമാക്കാൻ കഴിയുമോ അത്രയും എളുപ്പമാക്കണം. നിലവിലുള്ള പരാതികൾ പരിഹരിച്ച് സംവിധാനങ്ങളെ കൂടുതൽ കുറ്റമറ്റതാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനായി നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള പുതിയ സാങ്കേതിക സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തും.

**MGNREGS നിർത്തലാക്കി അതിന് പകരം പുതിയ തൊഴിലുറപ്പ് പദ്ധതി നടപ്പിൽ വരികയാണല്ലോ. ഈ സാഹചര്യത്തെ അങ്ങ് എങ്ങനെയാണ് കാണുന്നത്?**

ഏത് പദ്ധതി വന്നാലും സംസ്ഥാനത്തെ ഗ്രാമീണ ജനവിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന






തൊഴിലുറപ്പ് സംരക്ഷിക്കപ്പെടുകയും തുടർന്നും ലഭ്യമാവുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പുതിയ പദ്ധതി നിലവിൽ വരുമ്പോൾ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാധ്യത വലിയ തോതിൽ വർധിക്കും. എന്നാൽ അതുകൊണ്ട് തൊഴിലുറപ്പ് ലഭിക്കുന്ന സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ പാടില്ല. ജനങ്ങൾക്ക് തൊഴിലുറപ്പ് സേവനം മുടക്കമില്ലാതെ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമായാണ് കാണുന്നത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

**തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരും ജനപ്രതിനിധികളും വലിയ ഉത്തരവാദിത്തങ്ങളാണ് ഏറ്റെടുക്കുന്നത്. അവരുടെ ശേഷിവികസനത്തിന് കൂടുതൽ ഊന്നൽ ആവശ്യമല്ലേ?**

തീർച്ചയായും. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശേഷിവികസനം തദ്ദേശഭരണ രംഗത്തിന്റെ വിജയത്തിന് അനിവാര്യമാണ്. ഇതിനായി കില ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നല്ല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ പരിശീലന പരിപാടികൾ കാലാനുസൃതമായി മാറേണ്ടതുണ്ട്. ഇപ്പോഴും ചില പരിശീലനരീതികൾ പഴയ മാതൃകകളിൽ തന്നെ തുടരുന്നുണ്ട്.

പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളും സാങ്കേതിക മാറ്റങ്ങളും ഭരണരീതികളും മനസ്സിലാക്കി പരിശീലന പരിപാടികൾ പുനഃക്രമീകരിക്കണം. ഉള്ളടക്കത്തിലും രീതിശാസ്ത്രത്തിലും കൂടുതൽ ആധുനികവും പ്രായോഗികവുമായ സമീപനമാണ് വേണ്ടത്. അതിനാവശ്യമായ മാറ്റങ്ങൾ കൊണ്ടുവരും.

**ഏതാനും പതിറ്റാണ്ടുകൾക്ക് ശേഷമുള്ള കേരളത്തെ സങ്കൽപ്പിച്ചാൽ അന്നത്തെ കേരളത്തിലെ പഞ്ചായത്തുകളും നഗരസഭകളും എങ്ങനെയായിരിക്കണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്?**

പഞ്ചായത്തുകൾ ജനങ്ങളുടെ പരമാധികാര സെക്രട്ടേറിയറ്റുകളായി മാറുന്ന ഒരു കേരളത്തെയാണ് ഞാൻ സ്വപ്നം കാണുന്നത്. ജനങ്ങൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുന്ന സ്ഥാപനങ്ങളായി പഞ്ചായത്തുകളും നഗരസഭകളും വളരണം. സെക്രട്ടേറിയറ്റിനെയോ ജില്ലാ കളക്ടറേറ്റിനെയോ ആശ്രയിക്കേണ്ട സാഹചര്യം കുറയണം. ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങളും തീരുമാനങ്ങളും അവരുടെ സ്വന്തം പ്രദേശങ്ങളിൽ തന്നെ ലഭ്യമാകണം. ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജിന്റെ ആശയം അക്ഷരാർത്ഥത്തിൽ യാഥാർഥ്യമാക്കണം. തദ്ദേശസ്വയംഭരണം ഒരു ആലങ്കാരിക പ്രയോഗമായി അവശേഷിക്കരുത്. ഓരോ തദ്ദേശസ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ അവയുടെ തീരുമാനങ്ങൾക്ക് യഥാർത്ഥ പ്രാധാന്യവും അംഗീകാരവും ലഭിക്കുന്ന ഒരു ഭരണസംവിധാനമാണ് നമ്മുടെ ലക്ഷ്യം. അങ്ങനെ മാത്രമേ തദ്ദേശസ്വയംഭരണം എന്ന ആശയത്തോടുള്ള നമ്മുടെ പ്രതിബദ്ധത പൂർണ അർഥത്തിൽ തെളിയിക്കാൻ കഴിയൂ.

**ജി. കൃഷ്ണകുമാർ**

ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.)
& ഓംബുഡ്സ്മാൻ, കൊല്ലം ജില്ല)

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരം

# വിബി-ജി റാം ജി

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് (MGNREGA) പകരമായി വികസിത് ഭാരത്-ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) [VB-G RAM G] നിയമം 2025 നിലവിൽ വന്നിരിക്കുകയാണ്. ജൂലായ് 1 മുതൽ ഈ നിയമം പ്രാബല്യത്തിലാകും. പുതിയ നിയമപ്രകാരം ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന തൊഴിലുറപ്പ് 100 ദിവസത്തിൽ നിന്ന് 125 ദിവസമായി വർധിപ്പിച്ചിട്ടുണ്ട്.

ഏകദേശം രണ്ട് പതിറ്റാണ്ടുകളായി ഇന്ത്യയുടെ സാമൂഹിക സുരക്ഷാ സംവിധാനത്തിലെ പ്രധാന ഘടകങ്ങളിലൊന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഗ്രാമീണ



കുടുംബങ്ങൾക്ക് വേതനത്തോടെയുള്ള തൊഴിൽ ഉറപ്പാക്കുന്നതിലും ഗ്രാമീണ വരുമാനം സ്ഥിരപ്പെടുത്തുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും ഈ നിയമം പ്രധാന പങ്കുവഹിച്ചു.

എന്നാൽ, കാലക്രമേണ ഗ്രാമീണ ഇന്ത്യയുടെ സാമ്പത്തിക-സാമൂഹിക ഘടനയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. വർധിച്ചുവരുന്ന വരുമാനം, മെച്ചപ്പെട്ട കണക്റ്റിവിറ്റി, ഡിജിറ്റൽ ഇടപാടുകളുടെ വ്യാപനം, വൈവിധ്യമാർന്ന ഉപജീവന മാർഗങ്ങൾ എന്നിവ ഗ്രാമീണ തൊഴിൽ ആവശ്യങ്ങളുടെ സ്വഭാവത്തെ മാറ്റിമറിച്ചു. ഈ പശ്ചാത്തലത്തിലാണ് ഗ്രാമീണ തൊഴിൽ നയത്തിന്റെ പരിവർത്തനത്തിൽ ഒരു സുപ്രധാന നാഴികക്കല്ലായ വികസിത് ഭാരത്-ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) നിയമം നിലവിൽ വന്നത്. ഗ്രാമീണ തൊഴിലിനെ വികസിത് ഭാരത് 2047 എന്ന ദീർഘകാല വികസന കാഴ്ചപ്പാടുമായി ബന്ധിപ്പിക്കുന്ന പുതിയ നിയമപരമായ ചട്ടക്കൂടാണ് വിബി-ജി റാം ജി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ മാറ്റിസ്ഥാപിക്കുന്നു. അതോടൊപ്പം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, വരുമാന സുരക്ഷ, വികേന്ദ്രീകൃത ആസൂത്രണം എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു. നിലവിലെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി, വിബി-ജി റാം ജി പദ്ധതിയിൽ കേന്ദ്രവും സംസ്ഥാനങ്ങളും 60:40 അനുപാതത്തിൽ ചെലവ് പങ്കിടണം.

## വിബി–ജി റാം ജി: പ്രധാന സവിശേഷതകൾ

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ പുതിയ നിയമപരമായ ചട്ടക്കൂടിലൂടെ മാറ്റിസ്ഥാപിക്കുന്നു.
- ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന തൊഴിലുറപ്പ് 100 ദിവസത്തിൽ നിന്ന് 125 ദിവസമാക്കി വർധിപ്പിക്കുന്നു.
- വേതന തൊഴിലിനെ നാല് മുൻഗണനാ മേഖലകളിലൂടെയുള്ള സുസ്ഥിര ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധിപ്പിക്കുന്നു. വികസിത് ഗ്രാമപഞ്ചായത്ത് പദ്ധതികളിലൂടെ





> വിബി–ജി റാം ജി നിയമപ്രകാരം, അവിദഗ്ധ ശാരീരിക ജോലി ചെയ്യാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു.

(VGPP) വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുകയും ദേശീയ ഗ്രാമീണ അടിസ്ഥാന സൗകര്യ പദ്ധതികളുമായി പ്രാദേശിക വികസന പദ്ധതികളെ സംയോജിപ്പിക്കുകയും ചെയ്യുന്നു.

- ധനസഹായ വിതരണത്തിൽ ആവശ്യാധിഷ്ഠിത രീതിക്ക് പകരം മാനദണ്ഡ വിഹിത (Normative Allocation) സമ്പ്രദായം കൊണ്ടുവരുന്നു. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തിനും ധനകാര്യ ഉത്തരവാദിത്തത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നു.

## വിബി–ജി റാം ജി: മുൻഗണനാ മേഖലകൾ

വിബി-ജി റാം ജി നിയമം നാല് പ്രധാന മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനവുമായി

തൊഴിലവസര സൃഷ്ടിയെ ബന്ധിപ്പിക്കുന്നു.

1. ജലസുരക്ഷ ഉറപ്പാക്കുന്നതിനുള്ള ജലസംരക്ഷണ-ജലവിഭവ വികസന പ്രവർത്തനങ്ങൾ.
2. പ്രധാന ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.
3. ഉപജീവനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി.
3. അതിതീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ആഘാതം ലഘൂകരിക്കുന്ന പ്രത്യേക പദ്ധതികൾ.

ഈ പദ്ധതികളുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന എല്ലാ ആസ്തികളും വിക്സിത് ഭാരത് ദേശീയ ഗ്രാമീണ അടിസ്ഥാന സൗകര്യ സ്റ്റാക്കിലേക്ക് സംയോജിപ്പിക്കപ്പെടും. ഇതിലൂടെ ദേശീയ വികസന ലക്ഷ്യങ്ങളുമായി യോജിച്ച ഏകീകൃത വികസന സമീപനം ഉറപ്പാക്കുന്നു. വികസിത് ഗ്രാമപഞ്ചായത്ത് പദ്ധതികളിലൂടെയാണ് (VGPP) പ്രാദേശിക ആസൂത്രണം നടപ്പാക്കുന്നത്. പ്രധാനമന്ത്രി ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള ദേശീയ പദ്ധതികളുമായും ഇവയെ ബന്ധിപ്പിച്ചിരിക്കുന്നു.

## പുതിയ നിയമത്തിലെ അഞ്ച് പ്രധാന മാറ്റങ്ങൾ

### 1. തൊഴിലുറപ്പ് 100 ദിവസത്തിൽ നിന്ന് 125 ദിവസത്തിലേക്ക്

വിബി-ജി റാം ജി നിയമപ്രകാരം, അവിദഗ്ധ ശാരീരിക ജോലി ചെയ്യാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. നിലവിലുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ഈ പരിധി 100 ദിവസമാണ്. മഹാത്മാഗാന്ധി എൻആർഇജിഎ നിയമത്തിലെ സെക്ഷൻ 3(1) പ്രകാരം ഒരു ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 'നൂറ് ദിവസത്തിൽ കുറയാത്ത' തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ ഇത് യഥാർത്ഥ ഉയർന്ന പരിധിയാണ്. പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് അധിക തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്നത്. വനപ്രദേശത്തുള്ള വനാവകാശ നിയമപ്രകാരം ഭൂമി അനുവദിക്കപ്പെട്ട പട്ടികവർഗ കുടുംബങ്ങൾക്ക് ചില സാഹചര്യങ്ങളിൽ 150 ദിവസം വരെ തൊഴിൽ അനുവദിക്കാമായിരുന്നു. വരൾച്ച, പ്രകൃതിദുരന്തം തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ 50 അധിക തൊഴിൽ ദിനങ്ങൾ കൂടി അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഇതിൽ നിന്നുള്ള പ്രധാന മാറ്റമാണ് പുതിയ നിയമം എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൊതുവായി 125 ദിവസത്തെ തൊഴിലുറപ്പ് നൽകുന്നത്.

> **മഹാത്മാഗാന്ധി എൻആർഇജിഎ പ്രകാരം അവിദഗ്ധ തൊഴിലാളികളുടെ വേതനച്ചെലവ് പൂർണമായും കേന്ദ്ര സർക്കാർ വഹിച്ചിരുന്നു. എന്നാൽ വിബി–ജി റാം ജി നിയമപ്രകാരം കേന്ദ്രവും സംസ്ഥാനങ്ങളും പദ്ധതിച്ചെലവ് പങ്കിടേണ്ടിവരും.**

### 2. കേന്ദ്ര–സംസ്ഥാന ധനസഹായ പങ്കാളിത്തം 60:40 അനുപാതത്തിൽ

വിബി-ജി റാം ജി നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്ന് ധനസഹായവുമായി ബന്ധപ്പെട്ടതാണ്. മഹാത്മാഗാന്ധി എൻആർഇജിഎ പ്രകാരം അവിദഗ്ധ തൊഴിലാളികളുടെ വേതന ച്ചെലവ് പൂർണമായും കേന്ദ്ര സർക്കാർ വഹിച്ചിരുന്നു. കൂടാതെ മെറ്റീരിയൽ ചെലവിന്റെ 75 ശതമാനവും വിവിധ ഭരണച്ചെലവുകൾക്കായി മൊത്തം ചെലവിന്റെ ആറു ശതമാനം വരെയും കേന്ദ്ര സർക്കാർ വഹിച്ചിരുന്നു. പ്രോഗ്രാം ഓഫീസർമാരുടെയും അവരുടെ സപ്പോർട്ടിംഗ് ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും കേന്ദ്രകൗൺസിലിന്റെ ഭരണപരമായ ചെലവുകൾ, ഷെഡ്യൂൾ II പ്രകാരം നൽകേണ്ട സൗകര്യങ്ങൾ, കേന്ദ്രം തീരുമാനിച്ചേക്കാവുന്ന മറ്റ് ഇനങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാനങ്ങളുടെ ബാധ്യത പ്രധാനമായും തൊഴിലില്ലായ്മ വേതനവും മെറ്റീരിയൽ ചെലവിന്റെ ഒരു വിഹിതവും മാത്രമായിരുന്നു. എന്നാൽ വിബി-ജി റാം ജി നിയമപ്രകാരം കേന്ദ്രവും സംസ്ഥാനങ്ങളും പദ്ധതിച്ചെലവ് പങ്കിടേണ്ടിവരും. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയൻ സംസ്ഥാനങ്ങൾ, ജമ്മു കശ്മീർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ട സംസ്ഥാനങ്ങൾക്ക് 90:10 അനുപാതവും മറ്റ് സംസ്ഥാനങ്ങൾക്ക് 60:40 അനുപാതവുമാണ് നിശ്ചയിച്ചിരിക്കുന്നത്. നിയമസഭയില്ലാത്ത കേന്ദ്രഭരണ പ്രദേശങ്ങളിൽ മുഴുവൻ ചെലവും കേന്ദ്ര സർക്കാർ വഹിക്കും. ഇതോടെ സംസ്ഥാനങ്ങളുടെ സാമ്പത്തിക ഉത്തരവാദിത്തം ഗണ്യമായി വർധിക്കുന്നു.

### 3. തൊഴിൽ ബജറ്റിൽ നിന്ന് മാനദണ്ഡ വിഹിത സംവിധാനത്തിലേക്ക്

മഹാത്മാഗാന്ധി എൻആർഇജിഎ പദ്ധതിയിൽ

> സെക്ഷൻ 4(6) പ്രകാരം ഒരു സംസ്ഥാനം അതിന് അനുവദിക്കപ്പെട്ട വിഹിതത്തേക്കാൾ കൂടുതലായി ചെലവഴിക്കുന്ന പക്ഷം ആ അധിക ബാധ്യത സംസ്ഥാനം തന്നെ വഹിക്കണം.



ആവശ്യാധിഷ്ഠിത (Demand-Based) ധനസഹായ സംവിധാനമായിരുന്നു നിലവിലുണ്ടായിരുന്നത്. ഓരോ വർഷവും സംസ്ഥാനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ ബജറ്റിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിരുന്നത്. എന്നാൽ വിബി-ജി റാം ജി നിയമത്തിലെ സെക്ഷൻ 4(5) പ്രകാരം ഓരോ സംസ്ഥാനത്തിനും കേന്ദ്ര സർക്കാർ മുൻകൂട്ടി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 'മാനദണ്ഡ വിഹിതം' (Normative Allocation) അനുവദിക്കും. സെക്ഷൻ 4(6) പ്രകാരം ഒരു സംസ്ഥാനം അതിന് അനുവദിക്കപ്പെട്ട വിഹിതത്തേക്കാൾ കൂടുതലായി ചെലവഴിക്കുന്ന പക്ഷം ആ അധിക ബാധ്യത സംസ്ഥാനം തന്നെ വഹിക്കണം. ഇതിലൂടെ ആവശ്യാധിഷ്ഠിത ധനസഹായ സംവിധാനത്തിൽ നിന്ന് മുൻകൂട്ടി നിശ്ചയിച്ച ധനവിഹിത സമ്പ്രദായത്തിലേക്കുള്ള മാറ്റമാണ് ഈ നിയമം കൊണ്ടുവരുന്നത്.

### 4. കാർഷിക സീസണിൽ 60 ദിവസത്തെ നിയന്ത്രണം

വിബി-ജി റാം ജി നിയമത്തിലെ സെക്ഷൻ 6(1), 6(2) എന്നിവ പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി 60 ദിവസം വരെ 'ഏറ്റവും ഉയർന്ന കാർഷിക സീസൺ' ആയി മുൻകൂട്ടി വിജ്ഞാപനം ചെയ്യാം. ഇത് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങൾ, ജില്ലകൾ, ബ്ലോക്കുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് വ്യത്യസ്തമായി നിശ്ചയിക്കാം. വിതയ്ക്കലും വിളവെടുപ്പും ഉൾപ്പെടുന്ന കാലയളവുകളായിരിക്കും സാധാരണയായി ഇതിൽ ഉൾപ്പെടുക. ഈ കാലയളവിൽ വിബി-ജി റാം ജി നിയമപ്രകാരമുള്ള പുതിയ ജോലികൾ ഏറ്റെടുക്കാൻ കഴിയില്ല. സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം നിർബന്ധിത സ്വഭാവമുള്ളതായിരിക്കുമെന്ന് നിയമം വ്യക്തമാക്കുന്നു.

കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുകയാണ് ഈ വ്യവസ്ഥയുടെ ലക്ഷ്യം. ഈ 60 ദിവസം തുടർച്ചയായിരിക്കണമെന്നില്ല. വിവിധ ഘട്ടങ്ങളിലായി വിജ്ഞാപനം ചെയ്യുന്ന കാലയളവുകളുടെ ആകെ ദൈർഘ്യം 60 ദിവസമായാൽ മതിയാകും. ശേഷിക്കുന്ന 305 ദിവസങ്ങൾക്കുള്ളിലാണ് തൊഴിലാളികൾക്ക് 125 ദിവസത്തെ തൊഴിലുറപ്പ് ലഭിക്കേണ്ടത്. ഇത് തൊഴിലാളികൾക്ക് പരമാവധി



തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്.

### 5. വികസിത് ഗ്രാമപഞ്ചായത്ത് പദ്ധതികൾ (VGPP)

പുതിയ നിയമപ്രകാരം എല്ലാ പ്രവൃത്തികളും ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംയോജിപ്പിച്ചിരിക്കുന്ന വികസിത് ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ (Viksith Gram Panchayat Plan - VGPP) നിന്ന് ഉത്ഭവിക്കുകയും വികസിത് ഭാരത് ദേശീയ ഗ്രാമീണ അടിസ്ഥാന സൗകര്യ പദ്ധതിയിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്യണം. ഷെഡ്യൂൾ I-ൽ വ്യക്തമാക്കിയിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് അടിസ്ഥാന സൗകര്യ വികസനം കൂടുതൽ ശാസ്ത്രീയവും സ്ഥലപരമായി ഏകോപിതവുമാക്കുന്നതിനായി ഈ പദ്ധതികളെ പ്രധാനമന്ത്രി ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിക്കുമെന്നും വികസിത് ഭാരത്-ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) [VB-G RAM G] നിയമം 2025 വ്യവസ്ഥ ചെയ്യുന്നു.



# പുതിയ മന്ത്രിസഭ ചുമതലയേറ്റു

വി.ഡി. സതീശൻ മുഖ്യമന്ത്രിയായി പുതിയ സംസ്ഥാന മന്ത്രിസഭ 2026 മേയ് 18-ന് അധികാരമേറ്റു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഗവർണറുടെ സാന്നിധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്തു.

കേരളത്തിന്റെ പതിനാറാം നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ 1,32,20,811 പുരുഷ വോട്ടർമാരും 1,39,21,868 സ്ത്രീ വോട്ടർമാരും 273 ട്രാൻസ് ജെൻഡർ വോട്ടർമാരുമാണ് പട്ടികയിലുണ്ടായിരുന്നത്. പുരുഷ വോട്ടർമാരിൽ 75.01 ശതമാനവും സ്ത്രീ വോട്ടർമാരിൽ 80.86 ശതമാനവും ട്രാൻസ്ജെൻഡർ വോട്ടർമാരിൽ 57.04 ശതമാനവും വോട്ടവകാശം വിനിയോഗിച്ചു. 2.71 കോടി വോട്ടർമാരിൽ 2.14 കോടി പേരാണ് വോട്ടുചെയ്തത്.

സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലായി ആകെ 883 സ്ഥാനാർഥികളാണ് മത്സരരംഗത്തുണ്ടായിരുന്നത്. ഏപ്രിൽ 9-ന് തിരഞ്ഞെടുപ്പും മേയ് 4-ന് വോട്ടെണ്ണലും നടന്നു. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ പട്ടികജാതിക്കായി സംവരണം ചെയ്ത 14 മണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധികളും പട്ടികവർഗത്തിനായി സംവരണം ചെയ്ത 2 മണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധികളും 11 വനിതാ അംഗങ്ങളും ഉൾപ്പെടുന്നു. മുൻ നിയമസഭയിൽ 12 വനിതാ അംഗങ്ങളാണ് ഉണ്ടായിരുന്നത്.

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം 2026 മേയ് 21-ന് ചേർന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പ്രോ-ടെം സ്പീക്കർ ജി സുധാകരന്റെ അധ്യക്ഷതയിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മേയ് 22-ന് നടന്ന തെരഞ്ഞെടുപ്പിൽ സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് 2026 ജൂൺ 2-ന് നടന്നു. ഷാനിമോൾ ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടു.

മുഖ്യമന്ത്രി വി.ഡി. സതീശനോടൊപ്പം രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, കെ. മുരളീധരൻ, പി.കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, സി.പി. ജോൺ, എ.പി. അനിൽകുമാർ, എൻ. ഷംസുദ്ദീൻ, പി.സി. വിഷ്ണുനാഥ്, റോജി എം. ജോൺ, ബിന്ദു കൃഷ്ണ, എം. ലിജു, കെ.എം. ഷാജി, പി.കെ. ബഷീർ, വി.ഇ. അബ്ദുൽ ഗഫൂർ, ടി. സിദ്ദിഖ്, കെ.എ. തുളസി, ഒ.ജെ. ജനീഷ് എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് മന്ത്രിമാരായി അധികാരമേറ്റു. 2 വനിതകളും 2 പട്ടികജാതി വിഭാഗ പ്രതിനിധികളും മന്ത്രിസഭയിൽ ഇടം നേടി.

# മന്ത്രിമാരും പ്രധാന വകുപ്പുകളും



**വി. ഡി. സതീശൻ (മുഖ്യമന്ത്രി)**

ധനകാര്യം, വാണിജ്യ നികുതി, തുറമുഖം, നിയമം, ആസൂത്രണം, പൊതുഭരണം



**രമേശ് ചെന്നിത്തല**

ആഭ്യന്തരം, വിജിലൻസ്, ഫയർ & റെസ്ക്യൂ, ജയിലുകൾ, കയർ



**കെ. മുരളീധരൻ**

ആരോഗ്യം, മെഡിക്കൽ വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ, ദേവസ്വം, ആയുഷ്



**പി. കെ. കുഞ്ഞാലിക്കുട്ടി**

വ്യവസായം & വാണിജ്യം, ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്റ്റാർട്ടപ്പുകൾ, മൈനിംഗ്



**സണ്ണി ജോസഫ്**

വൈദ്യുതി, പരിസ്ഥിതി, പാർലമെന്ററി കാര്യങ്ങൾ, അനെർട്ട് (ANERT)



**എ. പി. അനിൽ കുമാർ**

ലാൻഡ് റവന്യൂ, സർവേ & ഭൂമി രേഖകൾ, ഭൂ പരിഷ്കരണം



**എം. ലിജു**

സഹകരണം, എക്സൈസ്



**പി. സി. വിഷ്ണുനാഥ്**

ടൂറിസം, സാംസ്കാരികം, കെ.എസ്.എഫ്.ഡി.സി, ചലച്ചിത്ര അക്കാദമി



**ബിന്ദു കൃഷ്ണ**

തൊഴിൽ, മൃഗസംരക്ഷണം, ക്ഷീരവികസനം, മിൽക്ക് കോ-ഓപ്പറേറ്റീവ്സ്, വനിതാ ശിശുവികസനം



**റോജി എം. ജോൺ**

ഉന്നത വിദ്യാഭ്യാസം (കൊളീജിയറ്റ്/ടെക്നിക്കൽ), സർവ്വകലാശാലകൾ, എൻ.സി.സി, അസാപ് (ASAP)



**എൻ. ഷംസുദ്ദീൻ**

പൊതുവിദ്യാഭ്യാസം, സാക്ഷരതാ പ്രസ്ഥാനം, ന്യൂനപക്ഷ ക്ഷേമം, ഹജ്ജ് & വഖഫ്



**കെ. എം. ഷാജി**

തദ്ദേശ സ്വയംഭരണം (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ), ഗ്രാമവികസനം, കില (KILA)



**ടി. സിദ്ദിഖ്**

കൃഷി, മണ്ണ് സർവേ & സംരക്ഷണം, കാർഷിക സർവ്വകലാശാല



**പി. കെ. ബഷീർ**

പൊതുമരാമത്ത് വകുപ്പ് (PWD)



**വി. ഇ. അബ്ദുൾ ഗഫൂർ**

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി



**ഷിബു ബേബി ജോൺ**

വനം-വന്യജീവി സംരക്ഷണം, നൈപുണ്യ വികസനം (KASE)



**സി. പി. ജോൺ**

റോഡ് ഗതാഗതം, മോട്ടോർ വാഹന വകുപ്പ്, ജലഗതാഗതം



**മോൻസ് ജോസഫ്**

ജലസേചനം, ജലവിതരണം & ശുചിത്വം, ഭൂഗർഭജലം, ഭവനനിർമ്മാണം



**അനൂപ് ജേക്കബ്**

ഭക്ഷ്യം & സിവിൽ സപ്ലൈസ്, ഉപഭോക്തൃ കാര്യങ്ങൾ, ലീഗൽ മെട്രോളജി



**കെ. എ. തുളസി**

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമം



**ഒ. ജെ. ജനീഷ്**

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ്, മ്യൂസിയം & മൃഗശാലകൾ

# ദേശീയ കുടുംബാരോഗ്യ സർവേ NFHS-6 റിപ്പോർട്ട് പറയുന്നത്



രാജ്യത്തെ ആരോഗ്യ-സാമൂഹിക വികസനത്തിന്റെ ഏറ്റവും സമഗ്രമായ അളവുകോലായി കണക്കാക്കപ്പെടുന്ന നാഷണൽ ഫാമിലി ഹെൽത്ത് സർവേയുടെ (NFHS-6) പുതിയ റിപ്പോർട്ട് പുറത്തുവന്നു. ശിശുമരണനിരക്ക്, മാതൃ-ശിശു ആരോഗ്യം, സ്ഥാപന പ്രസവങ്ങൾ, സ്ത്രീകളുടെ വിദ്യാഭ്യാസം, കുടുംബാസൂത്രണം, ആരോഗ്യസേവനങ്ങളുടെ ലഭ്യത തുടങ്ങി ഒട്ടുമിക്ക സാമൂഹിക വികസന സൂചകങ്ങളിലും കേരളം വീണ്ടും ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിലാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

പതിറ്റാണ്ടുകളായി ഇന്ത്യയുടെ ആരോഗ്യ മാതൃകയായി വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിന്റെ സ്ഥാനം പുതിയ റിപ്പോർട്ടും ശരിവയ്ക്കുകയാണ്. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം, ഉയർന്ന സാക്ഷരത, പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും നൽകിയ പ്രാധാന്യം, സ്ത്രീ ശാക്തീകരണം, ശക്തമായ പ്രാദേശിക ഭരണസംവിധാനം എന്നിവയുടെ ദീർഘകാല സംയോജനമാണ് ഈ നേട്ടങ്ങളുടെ അടിത്തറ. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച അധികാരവും വിഭവങ്ങളും ഈ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്തി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ശാക്തീകരണം, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ രൂപീകരണം, ആർദ്രം മിഷൻ, ആശാ പ്രവർത്തകരുടെയും അങ്കണവാടി ശൃംഖലയുടെയും പ്രവർത്തനം, പാലിയേറ്റീവ് കെയർ രംഗത്തെ മാതൃകാപരമായ ഇടപെടലുകൾ, ആരോഗ്യ മേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം എന്നിവ കേരളത്തിന്റെ ആരോഗ്യ നേട്ടങ്ങൾക്ക് കരുത്തേകിയ ഘടകങ്ങളാണ്.

ആരോഗ്യരംഗത്ത് ചെലവഴിക്കുന്ന ഓരോ രൂപയും സാമൂഹിക വികസനത്തിൽ വലിയ പ്രതിഫലം സൃഷ്ടിക്കുമെന്നതിന്റെ തെളിവാണ് കേരളത്തിന്റെ അനുഭവം. എന്നാൽ NFHS-6 റിപ്പോർട്ട് കേരളത്തിന് മുന്നിൽ പുതിയ ചില ചോദ്യങ്ങളും ഉയർത്തുന്നുണ്ട്. രാജ്യത്തെ പല സംസ്ഥാനങ്ങളും ഇപ്പോഴും മാതൃ-ശിശു ആരോഗ്യത്തിലെ അടിസ്ഥാന പ്രശ്നങ്ങളുമായി പോരാടുമ്പോൾ കേരളം മറ്റൊരു ഘട്ടത്തിലേക്കാണ് കടന്നിരിക്കുന്നത്. ജനനനിരക്ക് കുറഞ്ഞതോടെ ജനസംഖ്യ അതിവേഗം വാർധക്യത്തിലേക്ക് നീങ്ങുകയാണ്. സംസ്ഥാനത്ത് വയോജനങ്ങളുടെ അനുപാതം രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നാണ്. പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം, കാൻസർ, അമിതവണ്ണം തുടങ്ങിയ അസാംക്രമിക രോഗങ്ങളുടെ വ്യാപനവും ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ ആരോഗ്യ അജണ്ട ഇന്ന് മാതൃ-ശിശു ആരോഗ്യത്തിൽ നിന്ന് വയോജന പരിചരണത്തിലേക്കും ജീവിതശൈലി രോഗ നിയന്ത്രണത്തിലേക്കും മാനസികാരോഗ്യത്തിലേക്കും ദീർഘകാല രോഗപരിപാലനത്തിലേക്കും മാറുകയാണ്. ആരോഗ്യരംഗത്തെ അടുത്തഘട്ട പുരോഗതി


> “രാജ്യത്തെ പല സംസ്ഥാനങ്ങളും ഇപ്പോഴും മാതൃ–ശിശു ആരോഗ്യത്തിലെ അടിസ്ഥാന പ്രശ്നങ്ങളുമായി പോരാടുമ്പോൾ കേരളം മറ്റൊരു ഘട്ടത്തിലേക്കാണ് കടന്നിരിക്കുന്നത്. ജനനനിരക്ക് കുറഞ്ഞതോടെ ജനസംഖ്യ അതിവേഗം വാർധക്യത്തിലേക്ക് നീങ്ങുകയാണ്.”






ഈ മേഖലകളിലെ ഇടപെടലുകളെ ആശ്രയിച്ചായിരിക്കും.

കേരളത്തിന്റെ ഈ നേട്ടങ്ങളെയും വെല്ലുവിളികളെയും വ്യക്തമാക്കുന്ന NFHS-6 റിപ്പോർട്ട് രാജ്യത്തിന്റെ പൊതു ചിത്രവും മുന്നോട്ടുവയ്ക്കുന്നു. 2023–24 കാലയളവിൽ രാജ്യത്തെ 6.79 ലക്ഷം കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ആരോഗ്യസ്ഥാപനങ്ങളിൽ നടക്കുന്ന പ്രസവങ്ങൾ 90 ശതമാനത്തിലേറെ ആയതും കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പ് നിരക്ക് വർധിച്ചതും പോഷകാഹാര സൂചകങ്ങളിൽ പുരോഗതി ഉണ്ടായതും കുടുംബാസൂത്രണ ഉപയോഗം വർധിച്ചതും റിപ്പോർട്ട് രേഖപ്പെടുത്തുന്നു. ഇന്ത്യയുടെ ആരോഗ്യരംഗം പൊതുവെ മെച്ചപ്പെടുന്നുവെന്നതിന്റെ സൂചനകളാണിവ.

എന്നാൽ ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന കേരളം ഇന്ന് മറ്റൊരു വികസന ഘട്ടത്തിലാണ്. അടിസ്ഥാന ആരോഗ്യസൂചകങ്ങളിൽ നേടിയ നേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ട് വയോജന സൗഹൃദ സമൂഹം സൃഷ്ടിക്കുക, അസാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുക, മാനസികാരോഗ്യ സേവനങ്ങൾ വിപുലീകരിക്കുക, ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് അടുത്ത വെല്ലുവിളികൾ. ഈ ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ നിർണായകമാകുന്നു. ആരോഗ്യ വികസനത്തിന്റെ ഒന്നാംഘട്ടത്തിൽ അസാധാരണ വിജയം നേടിയ കേരളത്തെ സംബന്ധിച്ചേടത്തോളം, ആ വിജയം നിലനിർത്തുകയും പുതിയ സാമൂഹിക-ജനസംഖ്യാപരമായ വെല്ലുവിളികളെ നേരിടുകയും ചെയ്യുക എന്നതാണ് ഇനി മുന്നിലുള്ള ദൗത്യം. ഇന്ത്യയുടെ ആരോഗ്യരംഗത്ത് കേരളം കൈവരിച്ച തിളക്കം നിലനിർത്താൻ പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളും തുടർച്ചയായി ഇടപെടേണ്ടതുണ്ട്.

ഇന്ത്യയിലെ ഏറ്റവും വലിയ ആരോഗ്യ-ജനസംഖ്യാ പഠനമായ നാഷണൽ ഫാമിലി ഹെൽത്ത് സർവേയുടെ (NFHS) ഈ റിപ്പോർട്ട് രാജ്യത്തിന്റെ ആരോഗ്യരംഗത്തെ നേട്ടങ്ങളുടെയും വെല്ലുവിളികളുടെയും വിശദമായ ചിത്രം മുന്നോട്ടുവയ്ക്കുന്നു. മാതൃ-ശിശു ആരോഗ്യം, പോഷകാഹാരം, കുടുംബാസൂത്രണം, പ്രതിരോധ കുത്തിവയ്പ്പ്, സ്ത്രീ

**പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം, കാൻസർ, അമിതവണ്ണം തുടങ്ങിയ അസാംക്രമിക രോഗങ്ങളുടെ അനുപാതം കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയുർദൈർഘ്യം വർധിച്ചതും ജീവിതശൈലിയിലെ മാറ്റങ്ങളും ഈ പ്രവണതയ്ക്ക് കാരണമായിട്ടുണ്ട്.**

ശാക്തീകരണം, ആരോഗ്യ ഇൻഷുറൻസ്, ജീവിത ശൈലി രോഗങ്ങൾ തുടങ്ങി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിരവധി മേഖലകളെ ഈ സർവേ വിലയിരുത്തുന്നു. ദേശീയ തലത്തിലുള്ള കണക്കുകൾക്കപ്പുറം ഓരോ സംസ്ഥാനത്തിന്റെയും സാമൂഹിക വികസനത്തിന്റെ ഗുണനിലവാരം വിലയിരുത്താനുള്ള പ്രധാന രേഖ കൂടിയാണ് ഈ റിപ്പോർട്ട്.

സംസ്ഥാനത്തിന്റെ പ്രധാന വെല്ലുവിളി ഇന്ന് സാംക്രമിക രോഗങ്ങളല്ല; മറിച്ച് ജീവിതശൈലി രോഗങ്ങളും ജനസംഖ്യയുടെ വാർധക്യവുമാണ്.

കേരളത്തിൽ ജനനനിരക്ക് വളരെ താഴ്ന്ന നിലയിലാണ്. ഇത് സാമൂഹിക വികസനത്തിന്റെ നേട്ടമാണെങ്കിലും ജനസംഖ്യയുടെ പ്രായഘടനയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ അനുപാതം രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നാണ്. കുടുംബ ഘടനകളിലുണ്ടാകുന്ന മാറ്റങ്ങളും യുവജനങ്ങളുടെ കുടിയേറ്റവും വയോജന പരിപാലനത്തെ കൂടുതൽ സങ്കീർണമാക്കുന്നു. അതിനാൽ ആരോഗ്യ സേവനങ്ങളുടെ ശ്രദ്ധാകേന്ദ്രം പ്രസവപരിചരണത്തിൽ നിന്ന് ജെറിയാട്രിക് കെയറിലേക്കും ദീർഘകാല രോഗപരിചരണത്തിലേക്കും മാറുകയാണ്.

പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം, കാൻസർ, അമിതവണ്ണം തുടങ്ങിയ അസാംക്രമിക രോഗങ്ങളുടെ അനുപാതം കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയുർദൈർഘ്യം വർധിച്ചതും ജീവിതശൈലിയിലെ മാറ്റങ്ങളും ഈ പ്രവണതയ്ക്ക് കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ആരോഗ്യ രംഗത്തെ അടുത്തഘട്ട ഇടപെടലുകൾ രോഗ ചികിത്സയിൽ മാത്രം ഒതുങ്ങാതെ രോഗപ്രതിരോധത്തിലും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിലും കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ NFHS-6 റിപ്പോർട്ട് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സന്ദേശം വളരെ പ്രധാനമാണ്.






# കേരളം – ഇന്ത്യ

## ആരോഗ്യവും സാമൂഹിക വികസനവും

| സൂചകം | കേരളം | ഇന്ത്യ |
|---|---|---|
| 60 വയസ്സിനു മുകളിലുള്ള ജനസംഖ്യ | 20.7% | 12.9% |
| ആകെ പ്രത്യുത്പാദന നിരക്ക് (TFR) | 1.8 | 2.0 |
| സ്ഥാപന പ്രസവങ്ങൾ | 99%+ | 90.6% |
| ആരോഗ്യവിദഗ്ധരുടെ മേൽനോട്ടത്തിലുള്ള പ്രസവങ്ങൾ | ഏകദേശം 100% | 89%+ |
| ശിശുമരണനിരക്ക് (1,000 ജനനങ്ങൾക്ക്) | 4.4 | 28-ഓളം |
| അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് | 5.2 | 41-ഓളം |
| 20-24 വയസ്സുള്ള സ്ത്രീകളിൽ 18 വയസ്സിനു മുമ്പുള്ള വിവാഹം | 6% | 20.1% |
| ശുചിത്വ സൗകര്യമുള്ള വീടുകൾ | 98.5% | ഏകദേശം 80% |
| സ്ത്രീ സാക്ഷരത | 95%+ | 70%+ |
| ആരോഗ്യ ഇൻഷുറൻസ്/പരിരക്ഷ<br>ദേശീയ ശരാശരിയേക്കാൾ ഉയർന്നത് | 60.2% | |
| പ്രമേഹം – സ്ത്രീകൾ | 28.9% | 17.8% |
| പ്രമേഹം – പുരുഷന്മാർ | 31.9% | 20.9% |
| ഹൈപ്പർടെൻഷൻ – സ്ത്രീകൾ | 31.9% | 19.4% |
| ഹൈപ്പർടെൻഷൻ – പുരുഷന്മാർ | 36.6% | 22.1% |
| അമിതവണ്ണം (സ്ത്രീകൾ) | 36.4% | 22.9% |
| അമിതവണ്ണം (പുരുഷന്മാർ) | 28.5% | 18.9% |





# പഞ്ചായത്ത് വികസന സൂചിക PAI 2.0 റിപ്പോർട്ട് പറയുന്നത് എന്ത് ?

കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം അതിന്റെ പഞ്ചായത്ത് വികസന സൂചിക (Panchayat Advancement Index -PAI) റിപ്പോർട്ട് (2.0 Report, FY 2023-24) 2026 ഏപ്രിൽ 29-ന് പുറത്തിറക്കി. രാജ്യത്തെ 2,59,867 ഗ്രാമപഞ്ചായത്തുകളുടെ വികസന പ്രകടനം വിലയിരുത്തുന്ന ഈ റിപ്പോർട്ട് ഇന്ത്യയിലെ ഗ്രാമതല ഭരണസംവിധാനങ്ങളുടെ ആദ്യത്തെ സമഗ്ര ദേശീയ വിലയിരുത്തൽ റിപ്പോർട്ടായാണ് വിശേഷിപ്പിക്കപ്പെടുന്നത്.

ഒരു പഞ്ചായത്ത് യഥാർത്ഥത്തിൽ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം കുറയ്ക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടി എന്തൊക്കെ ചെയ്തുവെന്നത് കണക്കുകളിലൂടെ അളക്കാനുള്ള ശ്രമമാണ് പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ്. പദ്ധതിച്ചെലവിന്റെയോ നിർമ്മാണ പ്രവർത്തനങ്ങളുടെയോ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണത്തിന്റെ വിജയപരാജയങ്ങൾ വിലയിരുത്തുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്.






ഗ്രാമപഞ്ചായത്തുകളുടെ വികസന രംഗത്തെ പ്രകടനം, അതിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ പുരോഗതി എന്നിവ അളക്കുന്നതിനായി കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം വികസിപ്പിച്ച ദേശീയ സൂചികയാണ് പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് (PAI). ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ (SDGs) പ്രാദേശിക തലത്തിലേക്ക് കൊണ്ടുവരിക എന്ന (Localization of Sustainable Development Goals ) എന്ന ആശയമാണ് ഇതിന്റെ അടിസ്ഥാന മാക്കിയത്. ലോകതലത്തിൽ നിശ്ചയിച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെ പഞ്ചായത്തുകളുടെ പ്രവർത്തനപരിധിക്ക് അനുയോജ്യമായ ഒമ്പത് വിഷയ മേഖലകളായി പുനഃസംഘടിപ്പിച്ചാണ് PAI രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനവുമുള്ള പഞ്ചായത്ത്, ആരോഗ്യപഞ്ചായത്ത്, ശിശുസൗഹൃദ പഞ്ചായത്ത്, ജലസമൃദ്ധ പഞ്ചായത്ത്, ശുചിത്വമുള്ളതും ഹരിതവുമായ പഞ്ചായത്ത്, അടിസ്ഥാനസൗകര്യ വികസിത പഞ്ചായത്ത്, സാമൂഹിക സുരക്ഷ ഉറപ്പാക്കിയ പഞ്ചായത്ത്, സദ്ഭരണമുള്ള പഞ്ചായത്ത്, സ്ത്രീസൗഹൃദ പഞ്ചായത്ത് എന്നീ ഒമ്പത് മേഖലകളിലായി 150 സൂചകങ്ങളും 230 ഡാറ്റാ പോയിന്റുകളും ഉപയോഗിച്ചാണ് പഞ്ചായത്തുകളുടെ പ്രകടനം വിലയിരുത്തിയത്.

PAIയുടെ ആദ്യ പതിപ്പിനെ അപേക്ഷിച്ച് രണ്ടാം പതിപ്പിൽ (PAI 2.0) വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. PAI 1.0-ൽ 516 സൂചകങ്ങളും 794 ഡാറ്റാ പോയിന്റുകളുമുണ്ടായിരുന്നു. എന്നാൽ PAI 2.0-ൽ അവ യഥാക്രമം 150-ഉം 230-ഉമായി ചുരുക്കി. ഇതിലൂടെ വിവരശേഖരണം ലളിതമാകുകയും റിപ്പോർട്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുകയും ചെയ്തു.





ഏകീകൃത ഡാറ്റാ എൻട്രി സംവിധാനം, ഗ്രാമസഭയുടെ നിർബന്ധിത അംഗീകാരം, വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെ പോർട്ടലുകളിൽ നിന്ന് സ്വയമേവ ഡാറ്റ ലഭ്യമാക്കൽ, ക്രോസ് വാലിഡേഷൻ സംവിധാനം, തത്സമയ ഡാഷ്ബോർഡുകൾ, പ്രാദേശിക ഭാഷാ പിന്തുണ എന്നിവയിലൂടെ പഞ്ചായത്തുകളുടെ സ്വയംവിലയിരുത്തൽ കൂടുതൽ കൃത്യതയോടെയും സുതാര്യതയോടെയും നടത്താൻ കഴിഞ്ഞു.

രാജ്യത്തെ 97.3 ശതമാനം ഗ്രാമപഞ്ചായത്തുകളും വിവരങ്ങൾ സമർപ്പിക്കുകയും പരിശോധന പൂർത്തിയാക്കുകയും ചെയ്തു. PAI 1.0-ൽ ഇത് 80.79 ശതമാനം മാത്രമായിരുന്നു. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ A+ (90-ന് മുകളിൽ), A (75 മുതൽ 89 വരെ), B (60 മുതൽ 74 വരെ) C (40 മുതൽ 59 വരെ), D (40-ൽ താഴെ) എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തരംതിരിച്ചു.

രാജ്യത്ത് 3,635 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് A ഗ്രേഡ് നേടിയത്. ഒരു പഞ്ചായത്തും ദേശീയതലത്തിൽ എല്ലാ വിഷയമേഖലകളിലും A+ നേടിയില്ല. അതേസമയം വിവിധ വിഷയ മേഖലകളിൽ നിരവധി പഞ്ചായത്തുകൾ A+ ഗ്രേഡ് നേടിയിട്ടുണ്ട്. രാജ്യത്തെ ഏറ്റവും കൂടുതൽ പഞ്ചായത്തുകൾ - ഏകദേശം 1.19 ലക്ഷം പെർഫോർമർ () വിഭാഗത്തിലാണ്

**ലോകതലത്തിൽ നിശ്ചയിച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെ പഞ്ചായത്തുകളുടെ പ്രവർത്തനപരിധിക്ക് അനുയോജ്യമായ ഒമ്പത് വിഷയ മേഖലകളായി പുനഃസംഘടിപ്പിച്ചാണ് PAI രൂപകൽപ്പന ചെയ്തിരിക്കുന്നത്.**

ഉൾപ്പെട്ടത്. ഭൂരിഭാഗം പഞ്ചായത്തുകളും നല്ല പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും കൂടുതൽ പുരോഗതിക്ക് സാധ്യതയുണ്ട് എന്നർത്ഥം.

PAI 2.0 റിപ്പോർട്ട് പ്രകാരം കേരളം ത്രിപുരയ്ക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ്. കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളും A (Performer), B (Front Runner) വിഭാഗങ്ങളിലാണ് ഉൾപ്പെട്ടത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി കേരളം വികസിപ്പിച്ചെടുത്ത പ്രാദേശിക ആസൂത്രണ സംസ്കാരത്തിന്റെ പ്രതിഫലനമാണ് ഈ നേട്ടം.

ഗ്രാമസഭ, പങ്കാളിത്ത വികസനം, സാമൂഹിക ഓഡിറ്റ്, സ്ത്രീശാക്തീകരണം, വികേന്ദ്രീകൃത ആസൂത്രണം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച മുന്നേറ്റങ്ങൾ PAI വിലയിരുത്തലിലും പ്രതിഫലിക്കുന്നുണ്ട്.

റാങ്കിങ്ങിനപ്പുറം വികസന പോരായ്മകൾ തിരിച്ചറിയാനുള്ള ഒരു ശാസ്ത്രീയ ഉപകരണം കൂടിയാണിത് PAI. ചില മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഒരു പഞ്ചായത്ത് മറ്റ് ഏതെങ്കിലും മേഖലകളിൽ പിന്നാക്കമാണെങ്കിൽ അത് കൃത്യമായി തിരിച്ചറിയാൻ PAI സഹായിക്കും. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) കൂടുതൽ ഫലപ്രദമായി തയ്യാറാക്കാനും വിഭവങ്ങൾ ആവശ്യമായ മേഖലകളിലേക്ക് കേന്ദ്രീകരിക്കാനും കഴിയും.

കേരളത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ PAI 2.0 മറ്റൊരു കാരണത്താലും ശ്രദ്ധേയമാണ്. വികസനത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും പ്രാദേശിക വികസന പദ്ധതികൾ തെളിവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുക എന്ന ആശയം കേരളം 1996-ലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പ്രായോഗി






കമായി നടപ്പാക്കിയിരുന്നു. ഇന്ന് കേന്ദ്ര സർക്കാർ LSDG - PAI ചട്ടക്കൂടിലൂടെ മുന്നോട്ടുവയ്ക്കുന്ന വികസന സമീപനത്തെ ഇതേ ആശയത്തിന്റെ ദേശീയതലത്തിലുള്ള വികസിത രൂപമായി കാണാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിജയത്തെ വെറും ചെലവിന്റെ കണക്കുകൾ കൊണ്ടല്ല, ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത് എന്ന സന്ദേശമാണ് PAI 2.0 നൽകുന്നത്. ഡാറ്റ അധിഷ്ഠിത ആസൂത്രണം, തെളിവ് അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ, സുതാര്യത, ഉത്തരവാദിത്വം, ജനപങ്കാളിത്തം എന്നിവയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഈ റിപ്പോർട്ട് ഗ്രാമഭരണത്തിന്റെ ഭാവി ദിശ വ്യക്തമാക്കുന്നു. ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളെ കൂടുതൽ ഉത്തരവാദിത്വമുള്ളതും ഫലപ്രദവുമായ ജനാധിപത്യ സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ഒരു ദേശീയ പ്രവർത്തന രേഖ കൂടിയായി PAI 2.0 റിപ്പോർട്ടിനെ കണക്കാക്കാം.



# ദേശീയ ജനകീയാസൂത്രണ ക്യാമ്പയിനിന്
# പുതിയ മാർഗരേഖ



1996-ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ വികേന്ദ്രീകൃത വികസന പരീക്ഷണങ്ങളിലൊന്നായിരുന്നു. വികസന പദ്ധതികൾ ജനങ്ങളുടെ ആവശ്യങ്ങളിൽ നിന്നും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉയർന്നു വരേണ്ടതാണെന്ന ആശയമാണ് ജനകീയാസൂത്രണത്തിന്റെ കാതൽ. മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം പുറത്തിറക്കിയ 2026-27 ലേക്കുള്ള 'പീപ്പിൾസ് പ്ലാൻ ക്യാമ്പയിൻ' മാർഗരേഖ പരിശോധിക്കുമ്പോൾ, കേരളത്തിന്റെ ഈ അനുഭവം ദേശീയതല വികസന നയത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമായി മനസ്സിലാക്കാം.

ഭരണഘടനയുടെ 73-ാം ഭേദഗതി പഞ്ചായത്തുകൾക്ക് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള അധികാരം നൽകിയിരുന്നുവെങ്കിലും, ആ അധികാരത്തെ യഥാർത്ഥ ജനപങ്കാളിത്ത വികസന പ്രക്രിയയാക്കി മാറ്റിയത് കേരളമായിരുന്നു. ഗ്രാമസഭകൾ, വികസന സെമിനാറുകൾ, ടാസ്ക് ഫോഴ്സുകൾ, വികസന റിപ്പോർട്ടുകൾ, പ്രാദേശിക







| PAI പഞ്ചായത്ത് വികസന സൂചിക |
|---|
| ദാരിദ്ര്യമുക്ത ഗ്രാമം |
| ആരോഗ്യഗ്രാമം |
| ശിശുസൗഹൃദഗ്രാമം |
| ജലസമൃദ്ധ ഗ്രാമം |
| ശുചിത്വ - ഹരിത ഗ്രാമം |
| അടിസ്ഥാന സൗകര്യ സമ്പന്ന ഗ്രാമം |
| സാമൂഹ്യ സുരക്ഷിത ഗ്രാമം |
| സദ്ഭരണഗ്രാമം |
| സ്ത്രീസൗഹൃദ ഗ്രാമം |

വിഭവങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ നവീന സംവിധാനങ്ങളിലൂടെ കേരളം വികസന ആസൂത്രണത്തെ ജനകീയമാക്കി. ഇന്ന് കേന്ദ്രസർക്കാർ രാജ്യവ്യാപകമായി നടപ്പാക്കുന്ന 'പീപ്പിൾസ് പ്ലാൻ ക്യാമ്പയിൻ' കേരളത്തിന്റെ ഈ അനുഭവത്തിൽ നിന്ന് പകർത്തി ദേശീയ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചതാണ്.

"സബ്കി യോജന, സബ്കാ വികാസ്" എന്ന മുദ്രാവാക്യത്തോടെയാണ് പീപ്പിൾസ് പ്ലാൻ കാമ്പയിൻ മുന്നോട്ട് പോകുന്നത്. ഓരോ ഗ്രാമപഞ്ചായത്തും സ്വന്തം വികസനപദ്ധതി ജനങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കണമെന്നതാണ് ഇതിന്റെ

ഗ്രാമസഭകളുടെ പ്രാധാന്യം പുതിയ മാർഗരേഖയിൽ ശക്തമായി അടിവരയിടുന്നുണ്ട്. മഹിളാ സഭകളും ബാലസഭകളും സംഘടിപ്പിച്ച ശേഷം ഗ്രാമസഭകൾ ചേരണമെന്നും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പദ്ധതികളെക്കുറിച്ചും ലഭ്യമായ വിഭവങ്ങളെക്കുറിച്ചും വിശദീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

പ്രധാന ലക്ഷ്യം. 2018 മുതൽ വർഷംതോറും നടപ്പിലാക്കുന്ന ഈ കാമ്പെയിൻ ഗ്രാമസഭകളെ വികസന ആസൂത്രണത്തിന്റെ കേന്ദ്രമാക്കുന്നു. വികസന ആവശ്യങ്ങൾ തിരിച്ചറിയുന്നതും മുൻഗണന നിശ്ചയിക്കുന്നതും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതും ഗ്രാമസഭകളിലൂടെയാണ്. ഇത് കേരളത്തിന്റെ ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ നേരിട്ടുള്ള പ്രതിഫലനമാണ്.

പുതിയ മാർഗരേഖയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത സുസ്ഥിര വികസന ലക്ഷ്യങ്ങളെ (SDGs) പഞ്ചായത്തുതല വികസനവുമായി ബന്ധിപ്പിക്കുന്ന രീതിയാണ്. ഐക്യരാഷ്ട്രസഭയുടെ 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെ ഗ്രാമീണ സമൂഹങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാവുന്ന ഒമ്പത് വിഷയങ്ങളായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ദാരിദ്ര്യമുക്ത പഞ്ചായത്ത്, ആരോഗ്യ പഞ്ചായത്ത്, ബാലസൗഹൃദ പഞ്ചായത്ത്, ജലസമൃദ്ധ പഞ്ചായത്ത്, ശുചിത്വ-ഹരിത പഞ്ചായത്ത്, സ്വയംപര്യാപ്ത അടിസ്ഥാനസൗകര്യമുള്ള പഞ്ചായത്ത്, സാമൂഹികനീതി ഉറപ്പാക്കുന്ന പഞ്ചായത്ത്, നല്ല ഭരണസംവിധാനമുള്ള പഞ്ചായത്ത്, വനിതാസൗഹൃദ പഞ്ചായത്ത് എന്നിവയാണ് ഈ ഒമ്പത് വികസന വിഷയങ്ങൾ.

കേരളത്തിലെ ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ വികസന റിപ്പോർട്ടുകൾ തയ്യാറാക്കി പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്തിരുന്നു. അതേ ആശയത്തെ കൂടുതൽ വ്യവസ്ഥാപിതമാക്കി ഡിജിറ്റൽ സംവിധാനങ്ങളുമായി ബന്ധിപ്പിച്ചാണ് കേന്ദ്ര സർക്കാർ "പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ്" (PAI) അവതരിപ്പിച്ചിരിക്കുന്നത്. ഓരോ പഞ്ചായത്തിന്റെയും വികസനനില വിവിധ സൂചികകളിലൂടെ വിലയിരുത്തുകയും, ശക്തികളും ദൗർബല്യങ്ങളും കണ്ടെത്തുകയും ചെയ്യുന്നു. പഞ്ചായത്തുകളുടെ പ്രകടനത്തെ A+, A, B, C, D എന്നിങ്ങനെ ഗ്രേഡ് ചെയ്യുകയും, ഏത് മേഖലകളിലാണ് ഇടപെടൽ ആവശ്യമെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. വികസന പദ്ധതികൾ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്നാണ് മാർഗരേഖ നിർദ്ദേശിക്കുന്നത്.

ഇതിലൂടെ വികസന ആസൂത്രണം വെറും ആവശ്യപ്പട്ടിക തയ്യാറാക്കുന്ന പ്രക്രിയയിൽ നിന്ന് തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ ആസൂത്രണത്തിലേക്ക് മാറുകയാണ്. ആരോഗ്യ രംഗത്തോ വിദ്യാഭ്യാസത്തിലോ കുടിവെള്ള വിതരണത്തിലോ പിന്നാക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് ആ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഈ സംവിധാനം സഹായിക്കും. വിഭവങ്ങളുടെ കൂടുതൽ കാര്യക്ഷമമായ വിനിയോഗത്തിനും ഇത് വഴിയൊരുക്കും.

ഗ്രാമസഭകളുടെ പ്രാധാന്യം പുതിയ മാർഗരേഖയിൽ ശക്തമായി അടിവരയിടുന്നുണ്ട്. മഹിളാ സഭകളും ബാലസഭകളും സംഘടിപ്പിച്ച ശേഷം ഗ്രാമസഭകൾ ചേരണമെന്നും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പദ്ധതികളെക്കുറിച്ചും ലഭ്യമായ വിഭവങ്ങളെക്കുറിച്ചും വിശദീകരിക്കണമെന്നും നിർദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ വികസന സൂചികകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും അവയുടെ അടിസ്ഥാനത്തിൽ വികസന മുൻഗണന



കൾ നിശ്ചയിക്കുകയും വേണം. ജനങ്ങളെ വെറും ഗുണഭോക്താക്കളായി കാണാതെ വികസനത്തിന്റെ പങ്കാളികളായി പരിഗണിക്കുന്ന കേരള മാതൃകയുടെ തുടർച്ചയാണിത്.

പുതിയ മാർഗരേഖയിലെ മറ്റൊരു പ്രധാന നവീകരണം വിവിധ വകുപ്പുകളുടെയും സ്ഥാപന ങ്ങളുടെയും പദ്ധതികളെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുമായി സംയോജിപ്പിക്കാനുള്ള ശ്രമമാണ്. സ്വയംസഹായ സംഘങ്ങളുടെ ഗ്രാമതല പദ്ധതികൾ, ആരോഗ്യ പദ്ധതികൾ, സ്കൂൾ വികസന പദ്ധതികൾ, കാർഷിക പദ്ധതികൾ, ജലസംരക്ഷണ പദ്ധതികൾ തുടങ്ങിയവയെല്ലാം ഏകോപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശിക്കുന്നു. വിവിധ വകുപ്പുകളും സമൂഹ സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന കേരളത്തിന്റെ സംയോജിത വികസന കാഴ്ചപ്പാടിന്റെ ദേശീയ രൂപമാണിത്.

ധനകാര്യ സ്വയംപര്യാപ്തതയ്ക്കും പുതിയ മാർഗരേഖ വലിയ പ്രാധാന്യം നൽകുന്നു. 16-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഉൾപ്പെടുത്തി പഞ്ചായത്തുകളുടെ സ്വന്തം വരുമാനം വർധിപ്പിക്കാൻ പ്രോത്സാഹനം നൽകുന്ന രീതിയിലാണ് പുതിയ ധന സഹായ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. സ്വന്തം വരുമാനം വർധിപ്പിക്കുന്ന പഞ്ചായത്തുകൾക്ക് അധിക പ്രകടനാധിഷ്ഠിത ധനസഹായം ലഭിക്കും. പഞ്ചായത്തുകൾക്ക് കേന്ദ്ര-സംസ്ഥാന സഹായങ്ങൾ മാത്രം ആശ്രയിക്കുന്ന സ്ഥാപനങ്ങളായി തുടരാതെ സാമ്പത്തിക ഉത്തരവാദിത്തവും സ്വയംപര്യാപ്തതയും വളർത്തിയെടുക്കാൻ ഇത് പ്രേരണയാകുമെന്ന് വിലയിരുത്തപ്പെടുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപകമായ ഉപയോഗത്തിന് നൽകുന്ന ഊന്നൽ ഈ മാർഗരേഖയുടെ പ്രത്യേകതയാണ്. ഗ്രാമസഭകൾ ഷെഡ്യൂൾ ചെയ്യുന്നതു മുതൽ വികസനപദ്ധതികൾ അപ്‌ലോഡ് ചെയ്യുന്നതും നടപടിവിവരങ്ങൾ രേഖപ്പെടുത്തുന്നതും വരെ എല്ലാം ഓൺലൈൻ പ്ലാറ്റ്‌ഫോമുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഗ്രാമസഭകളുടെ ഓഡിയോ-വീഡിയോ രേഖകൾ ഉപ യോഗിച്ച് നിർമ്മിതബുദ്ധിയുടെ സഹായത്തോടെ മിനിറ്റ്സ് തയ്യാറാക്കുന്ന സംവിധാനവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുതാര്യതയും ഉത്തരവാദി ത്തവും വർധിപ്പിക്കുന്നതോടൊപ്പം ഭരണ സംവിധാനത്തെ കൂടുതൽ ആധുനികമാക്കുന്ന നീക്കമാണിത്.

പീപ്പിൾസ് പ്ലാൻ ക്യാമ്പയിൻ 2026-27 ഒരു സാധാരണ ഭരണനിർദേശമല്ല. വികേന്ദ്രീകൃത വികസനത്തെക്കുറിച്ചുള്ള ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട പുതിയ കാഴ്ചപ്പാടിന്റെ രേഖയാണ് അത്. ജനപങ്കാളിത്തം, ഗ്രാമസഭാ കേന്ദ്രീകൃത ആസൂത്രണം, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള




> ധനകാര്യ സ്വയംപര്യാപ്തതയ്ക്കും പുതിയ മാർഗരേഖ വലിയ പ്രാധാന്യം നൽകുന്നു. 16-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഉൾപ്പെടുത്തി പഞ്ചായത്തുകളുടെ സ്വന്തം വരുമാനം വർധിപ്പിക്കാൻ പ്രോത്സാഹനം നൽകുന്ന രീതിയിലാണ് പുതിയ ധനസഹായ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്.

വികസന സമീപനം, വിവിധ വകുപ്പുകളുടെ സംയോജനം, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായുള്ള ബന്ധം എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്.

മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളം ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം അന്ന് പലർക്കും ഒരു പരീക്ഷണമായിരുന്നു. ഇന്ന് അതിന്റെ അടിസ്ഥാന ആശയങ്ങൾ ഇന്ത്യയുടെ ഔദ്യോഗിക വികസന നയത്തിന്റെ ഭാഗമായിരിക്കുന്നു. അതുകൊണ്ടുതന്നെ 'പീപ്പിൾസ് പ്ലാൻ കാമ്പെയിൻ' (People's Plan Campaign 2026-27) ഒരു പുതിയ പദ്ധതി മാത്രമല്ല; കേരളത്തിന്റെ ജനകീയാസൂത്രണ അനുഭവങ്ങൾ ദേശീയതലത്തിൽ നേടിയ അംഗീകാരത്തിന്റെ ചരിത്രരേഖ കൂടിയാണ്.

# ഹരിതകർമ്മസേനയുടെ വരുമാനവർധനയ്ക്കായി

## പരിഷ്ക്കരിച്ച ബിസിനസ് വികസന പദ്ധതി

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) ഭാഗമായി നഗരസഭകളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിനുമായി പുതിയ ബിസിനസ് ഡെവലപ്മെന്റ് പ്ലാൻ (BDP) നടപ്പാക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗരേഖ പുറത്തിറക്കി. 93 നഗരസഭകളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഈ പദ്ധതി ഹരിതകർമ്മസേനയെ മാലിന്യശേഖരണ പ്രവർത്തനങ്ങളിൽ ഒതുക്കാതെ സംരംഭകത്വത്തിലേക്കും വരുമാനസ്രോതസ്സുകളുടെ വൈവിധ്യവൽക്കരണത്തിലേക്കും നയിക്കുന്നതാണ്.

ഓരോ നഗരസഭയുടെയും പ്രത്യേക സാഹചര്യങ്ങൾ, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സാധ്യതകൾ, ഹരിതകർമ്മ സേനാംഗങ്ങളുടെ താൽപര്യവും കഴിവും എന്നിവ വിലയിരുത്തിയാണ് ബിസിനസ് പദ്ധതികൾ രൂപീകരിക്കുക. ഇതിനായി സാങ്കേതിക സഹായ കൺസൾട്ടന്റുമാർ (TSC) വിശദമായ ബിസിനസ് പ്ലാൻ തയ്യാറാക്കും. നിർദ്ദേശിക്കുന്ന സംരംഭത്തിന്റെ സാധ്യതാപഠനം, വിപണന സാധ്യതകൾ, മാർക്കറ്റിംഗ് പദ്ധതി, ബജറ്റ്, ലാഭവിഹിത വിതരണം എന്നിവയും പദ്ധതിയുടെ ഭാഗമായിരിക്കും.



പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ മൂലധന നിക്ഷേപവും പരമാവധി ആറുമാസത്തേക്കുള്ള പ്രവർത്തന മൂലധനവും KSWMP മുഖേന നഗരസഭകൾക്ക് അനുവദിക്കും. ഓരോ പദ്ധതിക്കും പ്രത്യേകം സാമ്പത്തികാനുമതി ലഭിച്ചതിനുശേഷമാണ് തുക ചെലവഴിക്കാനാകുക. സംരംഭത്തിൽ പങ്കെടുക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾ ചേർന്ന് എം.എസ്.എം.ഇ. യുടെ കീഴിൽ മൈക്രോ എന്റർപ്രൈസ് (ME) ആയി രജിസ്റ്റർ ചെയ്യുന്നതിനും മാർഗരേഖ അവസരമൊരുക്കുന്നു.

ബിസിനസ് പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. ഈ അക്കൗണ്ടിലൂടെയായിരിക്കും എല്ലാ സാമ്പത്തിക ഇടപാടുകളും നടക്കുക. അതോടൊപ്പം നഗരസഭയും ഹരിതകർമ്മസേന കൺസോർഷ്യവും തമ്മിൽ പദ്ധതി നിർവഹണ കരാറും ആസ്തി കൈമാറ്റ കരാറും ഒപ്പുവയ്ക്കേണം.

പദ്ധതിയുടെ നിർവഹണ ചുമതല നഗരസഭയിലെ ഗ്രീൻ സിറ്റി മാനേജർക്കായിരിക്കും. കൗൺസിൽ അംഗീകാരവും ജില്ലാ ആസൂത്രണ സമിതി (DPC) അംഗീകാരവും നേടിയശേഷം പദ്ധതിക്ക് സാമ്പത്തികാനുമതി ലഭിക്കും. തുടർന്ന് അംഗീകൃത പ്രൊക്യുർമെന്റ് മാർഗരേഖകൾ പാലിച്ചുകൊണ്ട് ആവശ്യമായ ഉപകരണങ്ങളും മറ്റ് സാമഗ്രികളും വാങ്ങി ഹരിതകർമ്മസേനയ്ക്ക് കൈമാറും.

പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്നാണ് സ്ക്രാപ് ബിസിനസുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ. വീടുകളിൽ നിന്ന് ശേഖരിക്കുന്ന സ്ക്രാപ് വസ്തുക്കൾ വാങ്ങുന്നതിനും മറ്റ് പ്രവർത്തന ച്ചെലവുകൾക്കുമായി ഹരിതകർമ്മസേന കൺസോർഷ്യത്തിന് മുൻകൂർ തുക ചെലവഴിക്കാൻ കഴിയും. ചെലവുകളുടെ രേഖകളും കളക്ഷൻ റിപ്പോർട്ടുകളും സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഈ തുക റീഇംബഴ്സ് ചെയ്യും. ഇതുവഴി പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണലഭ്യത ഉറപ്പാക്കാനാവും.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി നഗരസഭാതലത്തിൽ ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹെൽത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സമിതി പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യും

നഗരസഭാ സെക്രട്ടറി, ഗ്രീൻ സിറ്റി മാനേജർ, ഹരിതകർമ്മസേന കൺസോർഷ്യം, ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, സാങ്കേതിക സഹായ കൺസൾട്ടന്റുമാർ, കുടുംബശ്രീ മിഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ചുമതലകളും മാർഗരേഖയിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. പരിശീലനം, അക്കൗണ്ടിംഗ്, മാർക്കറ്റിംഗ്, നൈപുണ്യ



വികസനം, സംരംഭങ്ങളുടെ സ്ഥിരത ഉറപ്പാക്കൽ തുടങ്ങിയ മേഖലകളിൽ തുടർച്ചയായ പിന്തുണ നൽകുന്നതിനും പ്രത്യേക നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനയെ കൂടുതൽ ശക്തവും സ്വയംപര്യാപ്തവുമായ സംരംഭക സംഘങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബിസിനസ് ഡെവലപ്മെന്റ് പദ്ധതി നടപ്പാക്കുന്നത്. ഖരമാലിന്യ പരിപാലന രംഗത്തെ അനുഭവം സാമ്പത്തിക അവസരങ്ങളാക്കി മാറ്റുന്നതിനൊപ്പം, നഗരസഭകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്ഥിരതയും കാര്യക്ഷമതയും കൈവരിക്കാൻ ഈ പദ്ധതി സഹായകമാകും.



# ഹരിതകർമ്മസേന നേട്ടങ്ങളും വെല്ലുവിളികളും

മാലിന്യസംസ്കരണ രംഗത്ത് കേരളം സൃഷ്ടിച്ച ഏറ്റവും ശ്രദ്ധേയമായ ജനകീയ ഇടപെടലുകളിൽ ഒന്നാണ് ഹരിതകർമ്മസേന. വീടുകളുടെയും സ്ഥാപനങ്ങളുടെയും വാതിൽപ്പടികളിലെത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന ഈ സ്ത്രീശക്തി ശുചിത്വ കേരളത്തിന്റെ കാവൽക്കാരായി മാറിയിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ മൂന്ന് പഞ്ചായത്തുകൾ സന്ദർശിച്ച് തദ്ദേശകം ഇന്റേൺമാർ ഹരിതകർമസേനാംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ട്, അവരുടെ ദൈനംദിന ജീവിതവും വെല്ലുവിളികളും നേട്ടങ്ങളും സാമൂഹിക ഇടപെടലുകളും വ്യക്തമാക്കുന്നു. ഒരു ഹരിതകേരളം യാഥാർഥ്യമാക്കാൻ നിശ്ശബ്ദമായി പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയുടെ പ്രവർത്തനവും അവർ അനുഭവിക്കുന്ന പ്രയാസങ്ങളും പൊതുസമൂഹം കൂടുതൽ അടുത്തറിയേണ്ടതുണ്ട്.

## അടിസ്ഥാന സൗകര്യങ്ങൾ പ്രധാനം

(വിളപ്പിൽ ഗ്രാമപഞ്ചായത്ത്)






സമൂഹത്തിന് ഗുണകരമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുവെന്ന ബോധ്യത്തോടെയും ആത്മാഭിമാനത്തോടെയുമാണ് വിളപ്പിൽ പഞ്ചായത്തിലെ ഹരിതകർമ്മസേനാ അംഗങ്ങൾ പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാ കോൺസോർഷ്യം അവരെ സാമ്പത്തികമായി സ്വതന്ത്രരാക്കുകയും അവർക്ക് പൊതുസമ്മതിയും സാമൂഹിക അംഗീകാരവും നേടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. തുടക്കത്തിൽ ഏറെ ശ്രമകരമായിരുന്നു ഹരിത കർമ്മസേനയുടെ പ്രവർത്തനം. വലിയൊരു വിഭാഗം നിസ്സഹകരിച്ചു. പലർക്കും മോശം പെരുമാറ്റം നേരിടേണ്ടി വന്നു. എന്നാൽ, ഇത് സ്ഥിതി മാറിയിരിക്കുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വലിയ പൊതുജന പിന്തുണയാണ് ഇന്ന് ലഭിക്കുന്നത്. ഈ അനുകൂല മാറ്റത്തിനിടയിലും പ്രദേശത്ത് ഒരു മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) ഇല്ലാത്തത് വലിയ പരിമിതിയാണെന്ന് ഹരിത കർമ്മസേന അംഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ശേഖരിച്ച മാലിന്യം വേർതിരിച്ച് ചാക്കുകളിലാക്കി വിളപ്പിൽശാല മാർക്കറ്റിൽ കെട്ടിവെക്കേണ്ട സാഹചര്യമാണുള്ളത്. തുറന്ന സ്ഥലത്ത് കിടക്കുന്നതിനാൽ ഈ മാലിന്യങ്ങൾ നനഞ്ഞ് 'ലെഗസി വേസ്റ്റ്'ആയി മാറുകയും ചെയ്യുന്നു. “ഉണങ്ങിയ പ്ലാസ്റ്റിക് മാത്രം വേണമെന്ന് പറയുന്ന ഹരിതകർമ്മസേന ഒടുവിൽ അതെല്ലാം തുറസ്സായ നനഞ്ഞ സ്ഥലങ്ങളിൽ ഉപേക്ഷിക്കുകയാണ്” എന്ന രീതിയിലുള്ള പരാതികളും ഉയരുന്നുണ്ട്.

വാർഡുകളിലുള്ള മിനി-എംസിഎഫുകളിലേക്ക് മാലിന്യച്ചാക്കുകൾ എത്തിക്കുന്നത് മാനുവൽ പുൾകാർട്ടുകൾ ഉപയോഗിച്ചാണ്. ഇത് അത്യന്തം പ്രയാസകരമാണ്. അതിന് വളരെ കുറഞ്ഞ ശേഷിയേയുള്ളൂ; രണ്ടോ മൂന്നോ ചാക്കുകൾ മാത്രമേ ഒരേ സമയം കൊണ്ടുപോകാനാകൂ. ഇതോടെ അംഗങ്ങൾ പ്രാദേശിക ഓട്ടോറിക്ഷകളെ ആശ്രയിക്കേണ്ടിവരുന്നു. ഗതാഗതച്ചെലവും ചാക്കുകൾ വാങ്ങാനുള്ള ചെലവും പലപ്പോഴും ഹരിത കർമ്മസേനാംഗങ്ങൾ സ്വന്തം ശമ്പളത്തിൽ നിന്നാണ് വഹിക്കുന്നത്.

ഡയപ്പർ, സാനിറ്ററി നാപ്കിൻ, സിറിഞ്ച്, മാസ്ക് തുടങ്ങിയവ കളക്ഷൻ കലണ്ടറിൽ ഉൾപ്പെട്ട അജൈവമാലിന്യങ്ങളോടൊപ്പം ഒളിപ്പിച്ച് കൈമാറുന്നവരുമുണ്ട്. ചിലർ കഴുകാനുള്ള മടികൊണ്ട് നനഞ്ഞ പ്ലാസ്റ്റിക് കത്തിച്ചുകളയുകയും എളുപ്പത്തിൽ വേർതിരിക്കാനാകുന്ന മാലിന്യങ്ങൾ മാത്രം ഹരിതകർമ്മസേനയ്ക്ക് നൽകുകയും ചെയ്യുന്നു.

ഹരിതമിത്രം ആപ്പും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇടയ്ക്കിടെ വരുന്ന അപ്ഡേറ്റുകൾ, ഒരു വാർഡിൽ ഒരാൾക്ക് മാത്രമുള്ള ലോഗിൻ സൗകര്യം, ഉപയോക്താക്കളുടെ പ്രായപരിമിതി, സാങ്കേതിക പിന്തുണയുടെ അഭാവം ഇവ കാരണം പലർക്കും ആപ്പ് ഉപയോഗിക്കാൻ എളുപ്പമല്ല.

അതേസമയം, ഇപ്പോൾ കുട, ഗ്ലൗസ്, റെയിൻകോട്ട്, ക്യാപ് തുടങ്ങിയ സുരക്ഷാസാമഗ്രികൾ ലഭിച്ചതിലൂടെ ജോലി കൂടുതൽ സുഗമമായതായി അംഗങ്ങൾ അഭിപ്രായപ്പെടുന്നു. നിയമാനുസൃതമായി മാലിന്യം കൈമാറാൻ ആളുകളെ നിർബന്ധിതരാക്കുന്നതിനായി പഞ്ചായത്ത് ഡിമാൻഡ് നോട്ടീസുകൾ നൽകുന്നതും ഹരിതകർമ്മസേനയ്ക്ക് വലിയ പിന്തുണയായി മാറിയിട്ടുണ്ട്. സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നവരെന്ന അഭിമാനവും പ്രത്യേക പരിഗണനയും ഇതിലൂടെ അംഗങ്ങൾക്ക് അനുഭവപ്പെടുന്നു.

*(**തയ്യാറാക്കിയത്:** റെബേക്ക എസ്.ജെ, മായാമൂർത്തി ജെ., ജിനോ പ്രകാശ്)*









# പൊതുജന ബോധവൽക്കരണം ശക്തമാകണം

(വെമ്പായം ഗ്രാമപഞ്ചായത്ത് )





വെമ്പായം ഗ്രാമപഞ്ചായത്തിലെ ഏകദേശം 90 ശതമാനം നിവാസികളും ഹരിത കർമ്മസേനാ പ്രവർത്തകരോട് സഹകരിക്കുന്നുണ്ടെങ്കിലും ശേഷിക്കുന്ന 10 ശതമാനം പേർക്ക് ഇപ്പോഴും പദ്ധതിയോട് വിമുഖതയാണ്. പദ്ധതി നടപ്പിലാക്കി വർഷങ്ങളായിട്ടും ചിലരുടെ മനോഭാവത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ല. ചിലർ സ്ഥിരമായി യൂസർ ഫീസ് മുടക്കുന്നതും ചിലർ സേവനം ലഭിച്ചിട്ടും ഫീസ് നൽകുന്നതിൽ അനാസ്ഥ കാണിക്കുന്നതും പ്രവർത്തകരെ ബുദ്ധിമുട്ടിലാക്കുന്നു.

വീടുകൾ ഒഴിഞ്ഞുകിടക്കുന്നതോ താമസക്കാർ മാറിപ്പോകുന്നതോ കാരണം പലപ്പോഴും ശേഖരിക്കേണ്ട യൂസർ ഫീ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. വാടകയ്ക്ക് താമസിക്കുന്നവരും ഇതര സംസ്ഥാന തൊഴിലാളികളും ഇടയ്ക്കിടെ താമസം മാറുന്നതിനാൽ പുതിയ താമസക്കാർ എത്തി ഫീസ് അടയ്ക്കുന്നതിൽ ഉണ്ടാകുന്ന താമസം പ്രവർത്തകർക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നു.

മാലിന്യങ്ങൾ ശരിയായ രീതിയിൽ തരംതിരിക്കാതെ നൽകുന്നതും പ്രവർത്തകർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. ഈർപ്പമുള്ള മാലിന്യങ്ങൾ, ഭക്ഷ്യാവശിഷ്ടങ്ങൾ, അഴുക്കുമാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിവ പല വീടുകളിലും ഒരുമിച്ചാണ് നൽകുന്നത്. ഇതുമൂലം പ്രവർത്തകർക്ക് തന്നെ മാലിന്യങ്ങൾ വേർതിരിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ഇത് അവരുടെ ജോലി കൂടുതൽ പ്രയാസകരവും അനാരോഗ്യകരവുമായി മാറ്റുന്നു. പലപ്പോഴും ദുർഗന്ധമുള്ളതോ അഴുക്ക് പുരണ്ടതോ ആയ വസ്തുക്കളും സാനിറ്ററി വസ്തുക്കളും കൈകാര്യം ചെയ്യേണ്ടി വരുന്നത് ആരോഗ്യ സുരക്ഷയ്ക്കും വെല്ലുവിളിയാകുന്നു. ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുടെ അഭാവം ഈ ബുദ്ധിമുട്ടുകൾ കൂടുതൽ രൂക്ഷമാക്കുന്നുണ്ട്. അതിനാൽ, ശരിയായ മാലിന്യ സംസ്കരണ രീതികളെയും മാലിന്യം തരംതിരിക്കലിന്റെ പ്രാധാന്യത്തെയും കുറിച്ച് പൊതുജനങ്ങളിൽ കൂടുതൽ

ബോധവൽക്കരണം ആവശ്യമാണ്. സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും പ്രവർത്തകർ അഭിപ്രായപ്പെടുന്നു.

കടുത്ത ചൂടിൽ കഠിനാധ്വാനം ചെയ്യേണ്ടിവരുന്നതിനാൽ മൈഗ്രെയ്ൻ, നിർജ്ജലീകരണം, സൂര്യതാപം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ പ്രവർത്തകർ നേരിടുന്നുണ്ട്. മഴക്കാലത്തും വേനൽക്കാലത്തും ഒരുപോലെ പ്രതികൂല സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നത് ശാരീരിക ക്ഷീണവും ആരോഗ്യപ്രശ്നങ്ങളും വർധിപ്പിക്കുന്നു. മാലിന്യങ്ങളുമായി സ്ഥിരമായി സമ്പർക്കത്തിൽ ഏർപ്പെടേണ്ടിവരുന്നതിനാൽ ചർമ്മരോഗങ്ങൾക്കും ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും സാധ്യത കൂടുതലാണ്. വെമ്പായം പഞ്ചായത്ത് നിലവിൽ ഇവർക്കായി ഇടയ്ക്കിടെ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യപരിശോധനകളും സംഘടിപ്പിക്കുന്നുണ്ടെങ്കിലും കൂടുതൽ സ്ഥിരതയാർന്ന ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ ആവശ്യമാണ്. സുരക്ഷാ ഗ്ലൗസുകൾ, മാസ്കുകൾ, യൂണിഫോം, മഴക്കോട്ടുകൾ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ കൃത്യമായി ലഭ്യമാക്കണം. പഞ്ചായത്തിന്റെ




നേതൃത്വത്തിൽ നടക്കുന്ന ആരോഗ്യപരിശോധനകൾക്ക് സർക്കാർ തലത്തിൽ കൂടുതൽ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ലഭ്യമാക്കണമെന്ന അഭിപ്രായം ഹരിതകർമ്മസേനാ പ്രവർത്തകർക്കുണ്ട്.

***(തയ്യാറാക്കിയത് :** എയ്ഞ്ചൽ മരിയ ബിജു, ലാവണ്യ എൽ, ഐശ്വര്യ മനോജ്)*

# സുരക്ഷിത തൊഴിൽ സാഹചര്യവും സ്ഥിരവരുമാനവും പ്രധാനം

(വാമനപുരം ഗ്രാമ പഞ്ചായത്ത്)

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ മാലിന്യസംസ്കരണവും പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതും ലക്ഷ്യമാക്കി 2017-ലാണ് വാമനപുരം ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ, ജൈവ വിഘടനമില്ലാത്ത മറ്റ് മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവ ഇവർ നേരിട്ട് ശേഖരിക്കുന്നു. എംഎൽപി (Multi Layer Plastic), എച്ച്ഡിപിഇ (High Density Polyethylene), എൽഡിപിഇ (Low Density Polyethylene) തുടങ്ങിയ വിവിധ തരത്തിലുള്ള പ്ലാസ്റ്റിക് വസ്തുക്കളും മറ്റ് പുനരുപയോഗയോഗ്യമായ മാലിന്യങ്ങളും പ്രത്യേകം തരംതിരിച്ച ശേഷമാണ് സംസ്കരണത്തിനായി മാറ്റുന്നത്.

വാമനപുരം ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയിൽ 30 അംഗങ്ങളാണുള്ളത്. 15 വാർഡുകളിലായി ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ മേൽനോട്ടത്തിലും പിന്തുണയിലുമാണ് ഇവരുടെ പ്രവർത്തനം. പ്രദേശത്തിന്റെ ശുചിത്വം നിലനിർത്തുന്നതിലും സുസ്ഥിര മാലിന്യസംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലും ഇവർ നിർണായക പങ്കുവഹിക്കുന്നു.

ഓരോ മാസവും ഒന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെയുള്ള ദിവസങ്ങളിൽ അജൈവ മാലിന്യശേഖരണത്തിനും ബോധവൽക്കരണ





പ്രവർത്തനങ്ങൾക്കുമായി അംഗങ്ങൾ സ്ഥിരമായി ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നു. വീടുകളിൽ നിന്ന് മാലിന്യശേഖരണ സേവനത്തിനായി സർക്കാർ നിശ്ചയിച്ച യൂസർ ഫീയും ഈടാക്കുന്നുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി അംഗീകൃത ഏജൻസികൾക്കും ക്ലീൻ കേരള കമ്പനിയ്ക്കും (CKC) കരാറിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നു. അംഗങ്ങൾക്ക് അവരുടെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കാൻ പഞ്ചായത്ത് ആവശ്യമായ പിന്തുണ നൽകുന്നു.

ഹരിത കർമ്മസേന സമൂഹത്തിൽ സൃഷ്ടിച്ച അനുകൂല സ്വാധീനം ശ്രദ്ധേയമായിരിക്കുമ്പോഴും, മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ അവർ നേരിടുന്നുണ്ട്. പ്രധാന പ്രശ്നങ്ങളിലൊന്ന് മാലിന്യങ്ങൾ ശരിയായ രീതിയിൽ തരംതിരിക്കുന്നതിൽ പൊതുജനങ്ങളുടെ സഹകരണക്കുറവാണ്.

വർഷങ്ങൾക്കിടെ മാലിന്യം തരംതിരിക്കലിനെക്കുറിച്ചുള്ള പൊതുജന അവബോധം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ ഇപ്പോഴും വെല്ലുവിളികൾ നിലനിൽക്കുന്നു. പല വീടുകളിലും ജൈവമാലിന്യങ്ങളും ജൈവവിഘടനമില്ലാത്ത മാലിന്യങ്ങളും കൂട്ടിക്കലർത്തിയാണ് നൽകുന്നത്. ഇതുമൂലം മാലിന്യങ്ങൾ വേർതിരിക്കുന്ന പ്രക്രിയ കൂടുതൽ സമയമെടുക്കുന്നതും പ്രയാസകരവുമാകുന്നു.




മാലിന്യസംസ്കരണ സേവനത്തിനായി ഈടാക്കുന്ന യൂസർ ഫീ ചിലർ വൈകിക്കുന്നതും പലരും നൽകാതിരിക്കുന്നതും ഹരിത കർമ്മസേനാ പ്രവർത്തകരെ ബുദ്ധിമുട്ടിലാക്കുന്നു. മാലിന്യം ശേഖരിക്കുന്നതിനും നീക്കുന്നതിനുമുള്ള ശാരീരിക ബുദ്ധിമുട്ടുകളും മറ്റൊരു പ്രധാന വെല്ലുവിളിയാണ്. കനത്ത ചൂടിലും പ്രതികൂല കാലാവസ്ഥയിലും ഭാരമേറിയ മാലിന്യങ്ങൾ വഹിച്ച് ദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഹരിത കർമ്മസേനാംഗങ്ങൾ നേരിടുന്നു. ചില സ്ഥലങ്ങളിൽ വാഹനസൗകര്യങ്ങൾ, സംഭരണ കേന്ദ്രങ്ങൾ, ഗ്ലൗസുകളും മാസ്കുകളും പോലുള്ള സുരക്ഷാ ഉപകരണങ്ങൾ എന്നിവയുടെ അപര്യാപ്തതയും അനുഭവപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നത് ചിലപ്പോൾ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു.

സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളും അംഗങ്ങൾ നേരിടുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലും പൊതുശുചിത്വം നിലനിർത്തുന്നതിലും നിർണായക പങ്കുവഹിച്ചിട്ടും ചില ഇടങ്ങളിൽ ഇവരുടെ പ്രവർത്തനത്തിന് ആവശ്യമായ അംഗീകാരവും ബഹുമാനവും ലഭിക്കുന്നില്ല. ക്രമരഹിതമായ വരുമാനം, ജോലിഭാരം, പരിമിതമായ സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ ഇവരുടെ ജീവിതത്തെയും തൊഴിൽ പ്രചോദനത്തെയും ബാധിക്കുന്നു. ശാസ്ത്രീയ മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള പൊതുജന അവബോധക്കുറവ് ഇവരുടെ ജോലിഭാരം വർധിപ്പിക്കുകയും ഫലപ്രദമായ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഇത്തരം വെല്ലുവിളികൾ നിലനിൽക്കുമ്പോഴും പഞ്ചായത്തിന്റെ പിന്തുണയോടെ ഹരിത കർമ്മസേനാംഗങ്ങൾ ആത്മാർഥമായി പ്രവർത്തിക്കുകയും പരിസ്ഥിതി സംരക്ഷണത്തിനും പൊതുശുചിത്വം ഉറപ്പാക്കുന്നതിനും വലിയ സംഭാവന നൽകുകയും ചെയ്യുന്നു.

***(തയ്യാറാക്കിയത്** : സാന്ദ്ര സതീഷ് എസ്, അതുല്യ സി എ., അഞ്ജു തോമസ്)*



# ശുചിത്വ അടിസ്ഥാനസൗകര്യ വികസനം വേഗത്തിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്

സംസ്ഥാനത്തെ ശുചിത്വ അടിസ്ഥാനസൗകര്യ വികസനവും മാലിന്യ പരിപാലന പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജിയുടെ അധ്യക്ഷതയിൽ മസ്കറ്റ് ഹോട്ടലിൽ അവലോകന യോഗം ചേർന്നു.

മാലിന്യ പരിപാലന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലെ വെല്ലുവിളികൾ, വിവിധ പദ്ധതികൾക്കെതിരെ ഉയരുന്ന പ്രാദേശിക എതിർപ്പുകൾ, ശാസ്ത്രീയ മാലിന്യ പരിപാലന പദ്ധതികളുടെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളുടെ അവബോധം വർധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം ചർച്ച ചെയ്തു. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിൽ പൊതുജന പങ്കാളിത്തവും സാമൂഹിക സ്വീകാര്യതയും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം മന്ത്രി ചൂണ്ടിക്കാട്ടി.

ശുചിത്വ മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ, ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ (FSTP) പ്രവർത്തനം, സെപ്റ്റേജ് മാനേജ്മെന്റ്, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ ഉദ്യോഗസ്ഥരുടെയും വികസന പ്രവർത്തകരുടെയും സാങ്കേതിക വൈദഗ്ധ്യം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും യോഗം വിലയിരുത്തി. ശുചിത്വ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, ഹരിതകർമ്മ സേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ശുചിത്വ മിഷൻ ജീവനക്കാർ തുടങ്ങിയവരുടെ ശേഷിവികസനത്തിനായി കൂടുതൽ ഫലപ്രദമായ പരിശീലന പരിപാടികൾ നടപ്പാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി.

ശുചിത്വ അടിസ്ഥാനസൗകര്യങ്ങളുടെ പരിപാലനത്തിനും പുതിയ സംവിധാനങ്ങളുടെ വികസനത്തിനുമുള്ള കേന്ദ്രസഹായം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം പദ്ധതികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ടെന്നും യോഗം വിലയിരുത്തി. കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് (KSWMP), സ്വച്ഛ് ഭാരത് മിഷൻ, അമൃത് പദ്ധതി എന്നിവയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്ന 'ഇക്കോ ബാങ്ക്' തുടങ്ങിയ നൂതനാശയങ്ങൾ കൂടുതൽ പ്രാവർത്തികമാക്കേണ്ടതിന്റെ പ്രാധാന്യം യോഗം വിലയിരുത്തി. വീടുകളിൽ നിന്ന് സാധാരണയായി ശേഖരിക്കപ്പെടാതെ പോകുന്ന അജൈവ മാലിന്യങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് എത്തിച്ച് നിക്ഷേപിക്കാനാവുന്ന സംവിധാനമാണ് ഇക്കോ ബാങ്കുകൾ.

തദ്ദേശഭരണ സ്ഥാപനങ്ങൾ ശുചിത്വ-മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ പിന്തുണയും സർക്കാർ നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്പെഷ്യൽ സെക്രട്ടറി ടി. വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, അർബൻ ഡയറക്ടറും അമൃത് മിഷൻ ഡയറക്ടറുമായ സൂരജ് ഷാജി, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ, ശുചിത്വ മിഷൻ അഡീഷണൽ സി.ഇ.ഒ എന്നിവർ ഉൾപ്പെടെ വിവിധ വകുപ്പുകളിലെയും ഏജൻസികളിലെയും ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.



THADDESAKAM (MONTHLY) MAY 2026
₹30 Annual Subscription ₹300, Published on MAY 2026

RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government
Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.